# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചിറക്കൽ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001

ഇ-മെയിൽ: doknr.ksad@kerala.gov.in

ഫോൺ : 0497-2707698

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ./കെ.എൻ.ആർ./സി.5/1326/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കണ്ണൂർ
670001
തീയ്യതി: 25/09/2023
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497-2707698

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചിറക്കൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചിറക്കൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചിറക്കൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ./കെ.എൻ.ആർ./സി.5/1326/23 തീയ്യതി: 25/09/2023

## കണ്ണൂർ ജില്ലയിലെ ചിറക്കൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ ചിറക്കൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 18-01-2023 മുതൽ 02-08-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 45 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 36 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. ഏ .ആർ . ജിതേന്ദ്രൻ | ഡെപ്യൂട്ടി ഡയറക്ടർ | 03-08-2023 | 11-08-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 03-08-2023 | 11-08-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1.സിന്ധു. ടി. പി. , ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
2.ഷിജു എ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
3.ഗണേശൻ കേളോത്ത്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
4.ധന്യ. എം , ഓഡിറ്റർ
5.നിഖിൽ. കെ , ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ശ്രുതി. പി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.ഷിബുകരുൺ ടി | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.റമീസ ഇ എം, | കൃഷി ഓഫീസർ | 01-04-2022 | 17-04-2022 |
| ശ്രീമതി.ബുഷറ ടി ടി | കൃഷി ഓഫീസർ | 18-04-2022 | 01-11-2022 |
| ശ്രീമതി.റമീസ ഇ എം | കൃഷി ഓഫീസർ | 02-11-2022 | 31-03-2023 |
| ഡോ.ഹഫ്നിസ മുഹമ്മദ് ഹനീഫ് | മെഡിക്കൽ ഓഫീസർ,പി എച്ച് സി | 01-04-2022 | 31-03-2023 |
| ഡോ.ജീജ സി | മെഡിക്കൽ ഓഫീസർ, ജി എ ഡി | 01-04-2022 | 31-03-2023 |
| ശ്രീമതി.നവ്യ വേണഗോപാലൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീ. വി എ ജോർജ്ജ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ഡോ.സ്മിത എസ് പിള്ള | വെറ്റിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീമതി.ബബിത .കെ | വി ഇ ഒ , ചിറക്കൽ | 01-04-2022 | 31-03-2023 |
| ശ്രീമതി.സന്ധ്യ വി സി | വി ഇ ഒ , കാട്ടാമ്പള്ളി | 01-04-2022 | 31-03-2023 |
| ശ്രീമതി ഷബില.കെ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2022 | 22-11-2022 |
| ശ്രീമതി.ഷീബ സി കെ | ഐ സി ഡി എസ് സൂപ്പർവൈസർ | 23-11-2022 | 29-12-2022 |
| ശ്രീമതി. ഷബില. കെ | ഐ സി ഡി എസ് സൂപ്പർവൈസർ | 30-12-2022 | 31-03-2023 |
| ശ്രീ.സജിത്ത് . കെ | ഹെഡ്മാസ്റ്റർ | 01-04-2022 | 31-03-2023 |
| ശ്രീ ഷാജി സി | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2022 | 30-06-2022 |
| ശ്രീ ടി ആർ രാജേഷ് | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-07-2022 | 31-07-2022 |
| ശ്രീമതി പ്രീത പി വി | ഫിഷറീസ് സബ് | 01-08-2022 | 08-12-2022 |

| | | | |
|---|---|---|---|
| | ഇൻസ്പെക്ടർ | | |
| ശ്രീ രജീഷ് ടി കെ | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 09-12-2022 | 30-12-2022 |
| ശ്രീ അരുൺ സുരേഷ് | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 31-12-2022 | 31-03-2023 |
| ശ്രീ സിനാജുദ്ദീൻ സി എച്ച് | ക്ഷീരവികസന ഓഫീസർ | 01-04-2022 | 03-06-2022 |
| ശ്രീമതി ബീന പി വി | ക്ഷീര വികസന ഓഫീസർ | 04-06-2022 | 15-08-2022 |
| ശ്രീമതി ബോബി ആർ എസ് | ക്ഷീരവികസന ഓഫീസർ | 16-08-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല. | 1-1-1 |
| 3 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് | 1-1-2 |
| 4 | ഡി സി ബി സംക്ഷിപ്തത്തിൽ അഡ്വാൻസ് കലക്ഷനുമായി ബന്ധപ്പെട്ട വിവരങ്ങൾ പ്രത്യേകമായി ചേർത്തിട്ടില്ല | 1-1-3 |
| 5 | ക്രെഡിറ്റ് ആകാത്ത തുക ഡയറക്ട് ഡെബിറ്റ് ബൈ ബാങ്ക് എന്ന് രേഖപ്പെടുത്തി | 1-1-4 |
| 6 | തെറ്റായ ശീർഷകത്തിൽ രേഖപ്പെടുത്തിയത് | 1-1-5 |
| 7 | ആസ്തി , തേയ്മാനക്കണക്കുകൾ പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ സൂക്ഷിച്ചിട്ടില്ല | 1-1-6 |
| 8 | സംയുക്ത പദ്ധതികൾക്കായി ലഭിച്ച തുക യഥാസമയം വിനിയോഗിക്കാതെ നിഷ്ക്രിയമായി കിടക്കുന്നു | 1-1-7 |
| 9 | അദർ ലയബിലിറ്റീസ്- തുക അതാത് ഹെഡിലേക്ക് തിരിച്ചടച്ചിട്ടില്ല | 1-1-8 |
| 10 | ഉല്പാദന ബോണസ്- വരവു ചെലവുകൾ രേഖപ്പെടുത്തിയതിൽ 8000രൂപ കുറവു വന്നത് | 1-1-9 |
| 11 | ബജറ്റ് | 1-2 |
| 12 | സാമ്പത്തികനില(റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | 1-3 |
| 13 | ഫണ്ട് വിനിയോഗം | 1-4 |
| 14 | പദ്ധതി അവലോകനം | 1-5 |
| 15 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 16 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - നിർവ്വഹണത്തിലെ അപാകങ്ങൾ | 1-6-1 |
| 17 | ക്ഷേമപദ്ധതികൾ | 1-7 |
| 18 | ക്യാഷ് പരിശോധന | 1-8 |
| 19 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 20 | ഗ്രാമസഭ | 1-10 |
| 21 | എഫ് ടി ഇ & ഒ എസ് ലൈസൻസ് - അപാകങ്ങൾ | 1-11 |
| 22 | തൊഴിൽനികുതി അപാകങ്ങൾ | 1-12 |
| 23 | പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു- ചട്ടലംഘനത്തിനുള്ള പിഴ ഈടാക്കേണ്ടതാണ് | 1-13 |

| | | |
|---|---|---|
| 24 | കൂട്ടിചേർക്കൽ വരുത്താൻ അനുമതി നൽകിയതും പെർമിറ്റ് കാലാവധി പൂർത്തിയായതുമായ കെട്ടിടങ്ങളുടെ വസ്തുനികുതി പുനർനിർണ്ണയം നടത്തിയിട്ടില്ല | 1-14 |
| 25 | വിസ്തൃതി കുറഞ്ഞ പാർപ്പിടങ്ങൾക്കുള്ള വസ്തു നികുതി ഇളവ് - പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ് | 1-15 |
| 26 | കെട്ടിടങ്ങളുടെ ഉപയോഗക്രമം സംബന്ധിച്ച് വ്യക്തത വരുത്തേണ്ടതാണ് | 1-16 |
| 27 | അനധികൃത കെട്ടിട നിർമ്മാണ രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല | 1-17 |
| 28 | വസ്തു നികുതി നിർണ്ണയത്തിലെ അപാകങ്ങൾ - ഗ്രാമപഞ്ചായത്തിന് വരുമാന നഷ്ടത്തിന് സാധ്യത | 1-18 |
| 29 | വസ്തു നികുതി പരിഷ്കരണത്തിന്റെ അടിസ്ഥാനത്തിൽ തനതു വരുമാന വർധനവ്- അവലോകനം | 1-19 |
| 30 | ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിക്ക് ഭൂനികുതി ഒടുക്കിയിട്ടില്ല | 1-20 |
| 31 | മഴക്കാല പൂർവ്വ ശുചീകരണത്തിന് തുക നൽകിയത്-മുഴുവൻചെലവ് രേഖകളും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല-1,10,000രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു | 1-21 |
| 32 | തെരുവ് വിളക്കുകൾ-മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തേണ്ടതാണ്. | 1-22 |
| 33 | പെർഫോമൻസ് ഓഡിറ്റ് യൂണിറ്റ്-തുക നൽകിയത്-വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല- 60000രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു | 1-23 |
| 34 | അനുപൂരക പോഷകാഹാര വിതരണം - ജി എസ് ടി-ടി ഡി എസ് ചെയ്യാത്തത് | 1-24 |
| 35 | ഗവ. ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ - മരുന്ന് ലഭ്യമായിട്ടില്ല - 100000/- രൂപ തടസ്സപ്പെടുത്തുന്നു. | 1-25 |
| 36 | കുടുംബാരോഗ്യ കേന്ദ്രത്തിൽ ലാബ് ഉപകരണങ്ങൾ വാങ്ങൽ - ക്വട്ടേഷൻ നടപടികൾ പാലിച്ചില്ല. | 1-26 |
| 37 | പി എച്ച് സി യിലേക്ക് മരുന്ന് വാങ്ങൽ - മാർഗ്ഗരേഖാ നിർദ്ദേശങ്ങൾ പാലിച്ചില്ല.474284 രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു | 1-27 |
| 38 | പെയ്ൻ ആൻറ് പാലിയേറ്റീവ് കെയർ - മുഴുവൻ ചെലവ് രേഖകളും ഹാജരാക്കിയില്ല -ചെലവ് തുക ₹38,000 തടസ്സപ്പെടുത്തുന്നു. | 1-28 |
| 39 | കൃഷി ഓഫീസറുടെ പദ്ധതി നിർവ്വഹണം - പൊതു അപാകങ്ങൾ | 1-29 |
| 40 | സി ഡി എസ് വിഭാഗത്തിന് കമ്പ്യൂട്ടർ വാങ്ങുന്നതിനായി ഗ്രാമപഞ്ചായത്ത് ഫണ്ട് ഉപയോഗപ്പെടുത്തി- 100000രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു. | 1-30 |
| 41 | വീട് വാസയോഗ്യമാക്കൽ (എസ് സി)-അനുബന്ധരേഖകൾ ലഭ്യമാക്കിയിട്ടില്ല- 2235860 രൂപയുടെ ചെലവ് ഓഡിറ്റിൽ | 1-31 |

| | | |
|---|---|---|
| | തടസപ്പെടുത്തുന്നു. | |
| 42 | സ്ത്രീ പദവി പഠനം -തുടർപ്രവർത്തനങ്ങളുടെ വിവരം ലഭ്യമാക്കേണ്ടതാണ്. | 1-32 |
| 43 | വീട് വാസയോഗ്യമാക്കൽ (ജനറൽ)-അർഹത തെളിയിക്കുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല-46,00,000 രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു. | 1-33 |
| 44 | ലൈഫ് ഭവന പദ്ധതി ജനറൽ-ഭവനനിർമ്മാണം പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. | 1-34 |
| 45 | ക്ഷീരകർഷകർക്ക് പാലിന് അധിക വില നല്കൽ- ഗുണഭോക്തൃ തെരഞ്ഞെടുപ്പിലെ അപാകങ്ങൾ | 1-35 |
| 46 | റിംഗ് കമ്പോസ്റ്റ് വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയില്ല.ചെലവ് തുക ₹2206298 തടസ്സപ്പെടുത്തുന്നു. | 1-36 |
| 47 | മാലിന്യസംസ്കരണം -അവലോകനം | 1-37 |
| 48 | അങ്കണവാടി ഭൗതിക വികസനം-അവലോകനം | 1-38 |
| 49 | പൊളിച്ച് മാറ്റിയ സാധനങ്ങളിൽ ഉപയോഗയോഗ്യമായവ സംബന്ധിച്ച റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല | 1-39 |
| 50 | സൈറ്റിൽ നിന്ന് മുറിച്ച് മാറ്റിയ മരത്തിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടത് | 1-40 |
| 51 | പൂർത്തീകരിക്കാത്ത പദ്ധതികൾ - ₹5,58,747 തടസ്സത്തിൽ വെക്കുന്നു. | 1-41 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ /വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-11 |
| അനുബന്ധം | | |

| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | ധനകാര്യ പത്രികകൾ |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1.കേരളാ പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരവും കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ – 2011 , കേരള സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെന്റ് ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്രഗവൺമെന്റ്, ധനകാര്യ കമ്മിഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 15.07.2023 തീയതിയിലെ 165/23 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുള്ളതും അനുബന്ധ ഫോറങ്ങൾ സഹിതം 04.08.2023 തീയതിയിൽ സമർപ്പിച്ചിട്ടുള്ളതുമായ ചിറക്കൽ ഗ്രാമപഞ്ചായത്തിന്റെ 31.03.2023 തീയതിയിൽ അവസാനിച്ച സാമ്പത്തിക വർഷത്തിലെ റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് സ്ഥാപനത്തിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

ii)സി &എ.ജി ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും സി & എ ജി നല്കിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപന ങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തി യിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ /മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണക്കുന്ന തെളിവുകൾ പരിശോധിക്കു ന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നല്കുമെന്ന് ഞാൻ വിശ്വസിക്കുന്നു.

iii)എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നല്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടുകൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ചിറക്കൽ ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെ കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നല്കുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

കണ്ണൂർ,
25.09.2023

### 1-1-1 അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് റൂൾസ്, 62 എഫ് പ്രകാരം വാർഷിക ധനകാര്യ പത്രികയോടൊപ്പം സമർപ്പിക്കേണ്ട അടിസ്ഥാന അനുപാതങ്ങൾ, റൂൾ 62 ഇ പ്രകാരമുള്ള പ്രധാന അക്കൗണ്ട് നയങ്ങൾ, കണ്ടിജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുന്ന കുറിപ്പുകൾ എന്നിവ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കിയിട്ടില്ല.
അക്കൗണ്ട് മാന്വൽ നിലവിൽ വരാത്തതിനാലാണ് അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്താതിരുന്നതെന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്.

### 1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ്

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി കാണിച്ച തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

### 1-1-3 ഡി സി ബി സംക്ഷിപ്തത്തിൽ അഡ്വാൻസ് കലക്ഷനമായി ബന്ധപ്പെട്ട വിവരങ്ങൾ പ്രത്യേകമായി ചേർത്തിട്ടില്ല

റവന്യൂ വരവിനങ്ങളുടെ അഡ്വാൻസ് കലക്ഷനായി വരുന്ന തുകയും മുൻവർഷത്തെ അഡ്വാൻസ് കലക്ഷൻ തൻവർഷം ക്രമീകരിക്കുന്നതും അതാത് വരവിനങ്ങളുടെ ഡി സി ബി സംക്ഷിപ്തത്തിൽ ഉൾപ്പെടുത്തുന്നില്ല.

### 1-1-4 ക്രെഡിറ്റ് ആകാത്ത തുക ഡയറക്ട് ഡെബിറ്റ് ബൈ ബാങ്ക് എന്ന് രേഖപ്പെടുത്തി

എസ് ബി ഐ - ഇ പേമെന്റ് അക്കൗണ്ടുമായി ബന്ധപ്പെട്ട (അക്കൗണ്ട് നമ്പർ 37009528358) പ്രതിമാസ റിക്കൺസിലിയേഷൻ പത്രികകളിൽ ഓൺലൈൻ പേമെന്റുമായി ബന്ധപ്പെട്ട് ഐ കെ എം ൽ നിന്നും ട്രാൻസ്ഫർ ചെയ്തു കിട്ടാൻ ബാക്കിയുള്ള തുക ഡയറക്ട് ലി ഡെബിറ്റഡ് ബൈ ബാങ്ക് എന്ന രീതിയിലാണ് ക്രമീകരിക്കുന്നത്. 31.03.23 തീയതിയിൽ 17726രൂപ ഈ രീതിയിൽ ക്രമീകരിക്കാൻ ബാക്കിയുണ്ടായിരുന്നു. ഏപ്രിൽ മാസത്തിൽ തന്നെ തുക തിരിച്ച് കിട്ടിയിട്ടുണ്ട്. തെറ്റായ ഹെഡിൽ റിക്കൺസിലിയേഷൻ കാണിക്കുന്നത് ഒഴിവാക്കേണ്ടതാണ്.

### 1-1-5 തെറ്റായ ശീർഷകത്തിൽ രേഖപ്പെടുത്തിയത്

പ്രോജക്ട് നമ്പർ 239/23 ജി ഐ എസ് മാപ്പിംഗ് രണ്ടാം ഘട്ടം എന്ന പദ്ധതിക്കു വേണ്ടി ഊരാളുങ്കൽ സൊസൈറ്റിക്ക് മുൻകൂറായി നല്കിയ 5,99,983 രൂപ ക്രമീകരിക്കാൻ ബാക്കിയുള്ള മുൻകൂർ കണക്കുകളിൽ (ബി 18 ഷെഡ്യൂൾ) ഉൾപ്പെടുത്തിയിട്ടില്ല. തുക തെറ്റായി ചെലവ് ശീർഷകത്തിലാണ് ഉൾപ്പെടുത്തിയത്. ആവശ്യമായ ക്രമീകരണങ്ങൾ നടത്തേണ്ടതാണ്.

ഐ- 14 ബി ഷെഡ്യൂളിൽ ലോൺ റീപേമെന്റ് ഓഫ് വാട്ടർ സപ്ലൈ സ്കീംസ് എന്ന ഹെഡിൽ ചേർത്ത 26483 രൂപ ഹെഡു മാറി പോസ്റ്റ് ചെയ്യപ്പെട്ടതാണെന്ന് അറിയിച്ചിട്ടുണ്ട്. യഥാർത്ഥത്തിൽ ഈ തുക അസിസ്റ്റന്റ് എഞ്ചിനീയർക്ക് വാഹന വാടകയിനത്തിൽ അനുവദിച്ചതാണ്. തെറ്റായ ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുന്നത് ഒഴിവാക്കേണ്ടതാണ്.

### 1-1-6 ആസ്തി , തേയ്മാനക്കണക്കുകൾ പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ സൂക്ഷിച്ചിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആസ്തി, തേയ്മാനം ഇവ കണക്കാക്കിയതുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയിട്ടില്ല. തേയ്മാനം കണക്കാക്കിയുമായി ബന്ധപ്പെട്ട് ഹാജരാക്കിയ സ്റ്റേറ്റ്മെന്റിൽ കണക്കുകൂട്ടലുകൾ ഉൾപ്പെടുന്നില്ല. ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതും കൃത്യമായ കണക്കുകൾ പരിശോധനക്കായി ഹാജരാക്കേണ്ടതുമാണ്.

### 1-1-7 സംയുക്ത പദ്ധതികൾക്കായി ലഭിച്ച തുക യഥാസമയം വിനിയോഗിക്കാതെ നിഷ്ക്രിയമായി കിടക്കുന്നു

വിവിധ വർഷങ്ങളിൽ സംയുക്ത പദ്ധതികൾക്കായി കണ്ണൂർ ജില്ലാ പഞ്ചായത്തിൽ നിന്നും കണ്ണൂർ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ചതിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| തുക നല്കിയ സ്ഥാപനം | വർഷം | പദ്ധതി, മുന്നിരിപ്പ് തുക | തൻവർഷം ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| കണ്ണൂർ ജില്ലാ പഞ്ചായത്ത് | 2019-20 | രാഘവൻ നായർ എസ് സി കോളനി റോഡ്, ₹18,45,000 | 0 | ₹18,45,000 |
| കണ്ണൂർ ജില്ലാ പഞ്ചായത്ത് | 2011-12 | ₹6,02,689 (വിശദാംശങ്ങൾ ലഭ്യമല്ല) | 0 | ₹6,02,689 |
| കണ്ണൂർ ജില്ലാ പഞ്ചായത്ത് | 2018-19 | മിൽക്ക് സബ്സിഡി, ₹1,50,000<br>എസ്.സി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ, ₹19434 | 0 | ₹1,69,434 |

| | | | | |
|---|---|---|---|---|
| കണ്ണൂർ ബ്ലോക്ക് പഞ്ചായത്ത് | വ്യക്തമല്ല | ആശ്രയ പദ്ധതി ₹216110 | 0 | ₹2,16,110 |
| | | ലൈഫ് ഭവന പദ്ധതി ₹2,95,000 | 0 | ₹2,95,000 |
| | | സ്കോളർഷിപ്പ് ₹402900 | ₹102900 (തിരിച്ചടവ്) | ₹3,00,000 |
| കണ്ണൂർ ബ്ലോക്ക് പഞ്ചായത്ത് | 2019-20 | ഹൈടെക് ക്ലാസ് റൂം നിർമ്മാണം ₹2,04,000 | 0 | ₹2,04,000 |
| | | | ആകെ | ₹36,32,233 |

സംയുക്ത പദ്ധതികൾക്ക വേണ്ടി ലഭിക്കുന്ന തുക അതാത് വർഷം തന്നെ ചെലവഴിക്കാതിരുന്നത് ഇതു സംബന്ധിച്ച സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. ചെലവഴിക്കാൻ കഴിയാത്ത തുക സമയബന്ധിതമായി തിരിച്ചടക്കേണ്ടതാണ്.

### 1-1-8 അദർ ലയബിലിറ്റീസ്- തുക അതാത് ഹെഡിലേക്ക് തിരിച്ചടച്ചിട്ടില്ല

അദർ ലയബിലിറ്റീസ് എന്ന ഹെഡിൽ ബി 4 ഷെഡ്യൂളിൽ രേഖപ്പെടുത്തിയ 28,06,672രൂപ വിവിധ പ്രവൃത്തികൾക്ക വേണ്ടി വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്ത തുകയിൽ പ്രവൃത്തി പൂർത്തീകരിച്ച ശേഷം ബാക്കിയായ തുക ഗ്രാമപഞ്ചായത്തിന് തിരിച്ച നല്കിയ ഇനത്തിലുള്ളതാണെന്നാണ് ഇതുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണം നമ്പർ 19/07.08.23 ന് മറുപടിയായി സെക്രട്ടറി അറിയിച്ചത്. ഏതൊക്കെ ഫണ്ടുകളിൽ നിന്ന് നല്കിയ തുകയാണെന്ന് വ്യക്തമാക്കിയിട്ടില്ല. തുക സഞ്ചിത നിധിയിലേക്ക് തിരിച്ചടച്ച് വിവരം അറിയിക്കേണ്ടതാണ്.

### 1-1-9 ഉല്പാദന ബോണസ്- വരവു ചെലവുകൾ രേഖപ്പെടുത്തിയതിൽ 8000രൂപ കുറവു വന്നത്

ഉൽപ്പാദന ബോണസ് ഇനത്തിൽ വരവു വന്നതും ചെലവായതുമായ തുക 28000 രൂപയാണെങ്കിലും വാർഷിക ധനകാര്യ പത്രികയിൽ 20000 രൂപ മാത്രമാണ് ചേർത്തിട്ടുള്ളത്. 8000രൂപ ജേണൽ എൻട്രി ചെയ്യാൻ വിട്ടുപോയതാണെന്നാണ് മറുപടി നല്കിയത്. അപാകം പരിഹരിക്കേണ്ടതാണ്.

## 1-2 ബജറ്റ്

ചിറക്കൽ ഗ്രാമപഞ്ചായത്തിന്റെ 2022-23 സാമ്പത്തിക വർഷത്തെ ബജറ്റ് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 23.03.2022 തീയതിയിലെ തീരുമാനം നമ്പർ 68 പ്രകാരവും പുതുക്കിയ ബജറ്റ് 17.03.23 തീയതിയിലെ തീരുമാനം നമ്പർ 69/23 പ്രകാരവും അംഗീകരിച്ചിട്ടുണ്ട്.

| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 1,13,30,486 | 4,38,84,384 |
| വരവ് | 31,28,90,200 | 37,93,91,382 |
| ആകെ | 32,42,20,686 | 42,32,75,766 |
| ചെലവ് | 31,81,43,300 | 37,47,14,676 |
| നീക്കിയിരിപ്പ് | 60,77,386 | 4,85,61,090 |

## 1-3 സാമ്പത്തികനില(റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 4,22,34,007 |
| വരവ് | 7,08,70,595 |
| ആകെ | 11,31,04,602 |
| ചെലവ് | 4,83,59,285 |

| | |
|---|---|
| നീക്കിയിരിപ്പ് | 6,47,45,317 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം – ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസപ്പെടുത്തിയ തുക | ₹1,04,83,189 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 2,46,64,000 | 2,46,64,000 | 2,33,87,317 | 12,76,683 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 69,99,000 | 69,99,000 | 69,99,000 | 0 |
| മെയിന്റനൻസ് ഗ്രാന്റ്, നോൺ റോഡ് | 0 | 75,04,000 | 75,04,000 | 62,16,805 | 12,87,195 |
| മെയിന്റനൻസ് ഗ്രാന്റ്, റോഡ് | 0 | 1,19,72,000 | 1,19,72,000 | 65,81,085 | 53,90,915 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് – ബേസിക്ക് | 12,23,748 | 50,94,000 + 3,12,330 (പലിശ) | 66,30,078 | 16,11,763 | 50,18,315 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് – ടൈഡ് ഫണ്ട് | 44,62,200 | 1,45,54,133 | 1,90,16,333 | 17,16,166 | 1,73,00,167(*) |
| മറ്റ് ഗ്രാന്റുകൾ | 42,353 | 0 | 42,353 | (****) | (****) |
| മറ്റ് പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ, കാപ്പിറ്റൽ | 9,77,041 | 0 | 9,77,041 | 5,39,663(**) | 4,37,378 |
| പൈക്ക | 17,602 | 393 | 17,995 | 0 | 17,995 |
| എസ് എസ് എ | 62,000 | 0 | 62,000 | 0 | 62,000 |
| ശുചിത്വമിഷൻ ഗ്രാന്റ് | 4,79,892 | 0 | 4,79,892 | 0 | 4,79,892 |
| ടി എസ് സി | 30,12,776 | 0 | 30,12,776 | 24,43,241(@) | 5,69,535 |
| മറ്റ് ഗ്രാന്റുകൾ | 1,56,285 | 0 | 156285 | 0 | 1,56,285 |
| ഐ സി ഡി എസ് | 17,59,586 | 19,78,358 | 37,37,944 | 7,16,018 | 30,21,926 |
| സാക്ഷരത | 15,121 | 604 | 15725 | 0 | 15725 |
| എം പി ഫണ്ട് | 6,488 | 190 | 6,678 | 0 | 6,678 |
| ടോട്ടൽ സാനിറ്റേഷൻ | 2,67,005 | 0 | 2,67,005 | 0 | 2,67,005 |

| | | | | | |
|---|---|---|---|---|---|
| സ്വച്ഛ് ഭാരത് അഭിയാൻ | 0 | 36,000 | 36,000 | 36,000 | 0 |
| മറ്റ് സ്കീമുകൾ | 0 | 10,000 | 10000 | 0 | 10,000 |
| ഹെൽത്ത് ഗ്രാന്റ്- ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ച്ചർ | 0 | 321,305 | 3,21,305 | 1,52,037 | 1,69,268 |
| ഹെൽത്ത് ഗ്രാന്റ്- പി.എച്ച്.സി. എഫ്.എച്ച് സി.യായി ഉയർത്താൻ | 0 | 1,85,000 | 1,85,000 | 30,570 | 1,54,430 |
| ആയുർവേദ വകുപ്പ് | 11,539 | 0 | 11,539 | 0 | 11,539 |
| വികസന ഫണ്ട് സംസ്ഥാന വിഹിതം ഒഴികെയുള്ള പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ | 70,500 | 0 | 70,500 | 0 | 70,500 |
| മറ്റ് സർക്കാർ സ്ഥാപനങ്ങളിൽ നിന്നുള്ള ധനസഹായം | 15,080 | 0 | 15,080 | 0 | 15,080 |
| ജില്ലാ പഞ്ചായത്ത് വിഹിതം, റവന്യൂ | 1,69,434 | 1142642 | 13,12,076 | 11,42,642 | 1,69,434 |
| ജില്ലാ പഞ്ചായത്ത് വിഹിതം, കാപ്പിറ്റൽ | 24,47,689 | 0 | 24,47,689 | 0 | 24,47,689 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം- കാപ്പിറ്റൽ | 2,04,000 | 0 | 2,04,000 | 0 | 2,04,000 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം-റവന്യൂ | 9,69,876 | 55,40,172 | 65,10,048 | 56,97,695(***) | 8,12,353 |

(*)ഇതിൽ 6913133 രൂപ സ്പിൽ ഓവർ പദ്ധതികൾക്ക വേണ്ടി ലഭിച്ച അലോട്ട്മെന്റാണ് . പ്രസ്തുത തുക ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യപ്പെടാത്തതാണ്. 2022-23 സാമ്പത്തിക വർഷം 33,45,023 രൂപയുടെ ബിൽ തയ്യാറായിരുന്നുവെങ്കിലും തുക മാറി നല്കാൻ കഴിഞ്ഞിട്ടില്ല. മുഴവൻ തുകയും ലാപ്സായിട്ടുണ്ട്.

(@)ഇതിൽ ₹13,78,786 ട്രാൻസ്ഫർ എൻട്രി, വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

(**) ക്രമീകരിച്ച തുകയാണിത്. വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

(***)മുന്നിരിപ്പിൽ നിന്ന് തിരിച്ചടച്ച തുകയായ 1,57,523 രൂപ ഉൾപ്പെടെ

(****)ചെലവിന്റെ വിശദാംശങ്ങൾ ലഭ്യമല്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 208 | 19,44,22,323 | 151 | 7,23,96,995 | 38 | 57 | 113 | 54 |

നിർവ്വഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള വിവരങ്ങൾ

| | നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകരിച്ച പ്രോജക്ടുകളുടെ എണ്ണം | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണം | പദ്ധതി അടങ്കൽ | പദ്ധതി ച്ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 5 | 5 | 28,08,114 | 28,08,114 | 100 |
| 2 | വെറ്റിനറി സർജൻ | 6 | 6 | 11,50,800 | 9,63,300 | 84 |
| 3 | മെഡിക്കൽ ഓഫീസർ,പിഎച്ച് സി | 11 | 11 | 39,83,085 | 35,28,085 | 89 |
| 4 | മെഡിക്കൽ ഓഫീസർ, ആയുർവേദ | 7 | 6 | 18,25,000 | 16,60,839 | 91 |
| 5 | വി ഇ ഒ | 20 | 19 | 8,16,56,457 | 2,23,87,704 | 27 |
| 6 | ഐ സി ഡി എസ് സൂപ്പർവൈസർ | 11 | 11 | 98,86,093 | 70,30,715 | 71 |
| 7 | സെക്രട്ടറി | 40 | 30 | 2,84,63,667 | 1,04,34,199 | 37 |
| 8 | ഹെഡ്മാസ്റ്റർ | 11 | 5 | 37,97,663 | 29,08,063 | 77 |
| 9 | എസ്.ഐ ഫിഷറീസ് | 1 | 1 | 20,000 | 20,000 | 100 |
| 10 | അസി. എഞ്ചിനീയർ | 87 | 49 | 5,78,34,034 | 1,82,80,588 | 32 |
| 11 | ക്ഷീരവികസന ഓഫീസർ | 1 | 1 | 3,00,000 | 1,47,478 | 49 |
| 12 | അസി.സെക്രട്ടറി | 8 | 7 | 26,97,410 | 22,27,910 | 83 |
| | ആകെ | 208 | 151 | 19,44,22,323 | 7,23,96,995 | 37 |

## 1-6 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എൻ ആർ ഇ ജി എസ് തൊഴിലാളികളുടെ കൂലി, | 0 | 77,81,574 | 77,81,574 | 77,81,574 | 0 |

| | | | | | |
|---|---|---|---|---|---|
| മെറ്റീരിയർ ചെലവ് മുതലായവ | | | | | |
| ഭരണചെലവ് | 2740 | 4,50,926 | 4,53,666 | 4,49,500 | 4166 |
| ആകെ | 2740 | 82,32,500 | 82,35,240 | 82,31,074 | 4166 |

## 1-6-1 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - നിർവ്വഹണത്തിലെ അപാകങ്ങൾ

1. തെറ്റായ ഇനം തെരഞ്ഞെടുത്ത് കൂലി കൂട്ടതലായി നല്കിയത്

നീർത്തട വികസനവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ നടത്തുന്നതിന്റെ ഭാഗമായി തട്ട് കിളക്കൽ പ്രവൃത്തി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ഇനത്തിന് എർത്ത് വർക്ക് ഓപ്പൺ എക്സ്കവേഷന്റെ നിരക്ക് നല്കിയാൽ മതിയെന്നിരിക്കെ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളിൽ തെരഞ്ഞെടുത്ത ഇനം മണ്ണ് കിളച്ചെടുത്ത് കിളച്ച മണ്ണ് എഞ്ചിനീയറുടെ നിർദ്ദേശാനുസരണം സൈറ്റിൽ നിന്ന് മാറ്റുക എന്നതാണ്. (ഇനം നമ്പർ 80 TM .A1.1.1 Earth Work In Excavation By Manual Means Exceeding 1.5cm In Width , Taking Out The Excavated Soil And Disposal As Directed By The Engineer In Charge) 2021-22 ൽ തയ്യാറാക്കിയ എസ്റ്റിമേറ്റിൽ 164.05/m3 നിരക്കാണ് നല്കിയതെങ്കിലും കൂലി വർധിച്ചതിനാൽ 2022-23 ൽ ചെയ്ത പ്രവൃത്തികൾക്ക് 175.33/m3 നിരക്കാണ് നല്കിയിട്ടുള്ളത്.

മണ്ണ് നീക്കം ചെയ്യൽ പ്രവൃത്തി ആവശ്യമില്ലാത്തതാണെന്നിരിക്കെ എസ്റ്റിമേറ്റ് പ്രകാരമുള്ള നിരക്കിൽ തന്നെ വാല്വേഷൻ നടത്തുകയും അതു പ്രകാരം തന്നെ കൂലി നല്കുകയും ചെയ്തത് ക്രമപ്രകാരമല്ല. മസ്റ്റർ റോൾ പ്രകാരമുള്ള തൊഴിൽ ദിനങ്ങളിൽ കുറവു വന്നിട്ടില്ല എന്നതിനാൽ ചെയ്യാത്ത പ്രവൃത്തിക്ക് കൂലി നല്കിയിട്ടുണ്ടെന്ന കാര്യം വ്യക്തമാകുന്നു. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. വർക്ക് കോഡ് 1602005002/WC/481103

അടങ്കൽ 3,83000രൂ

ചെലവ് 371168രൂ

വാർഡ് 11,12,13

പ്രവൃത്തി ആരംഭിച്ച തീയതി 18.03.22

അവസാനിച്ച തീയതി 10.10.22

തട്ട് കിളക്കൽ പ്രവൃത്തി - ആകെ ചെയ്ത അളവ് 1496.25ക്യൂബിക്ക് മീറ്റർ

പ്രവൃത്തി മൂല്യം 1496.25 @ 164.05(21-22) & 175.33/ക്യൂബിക്ക് മീറ്റർ(2022-23) = 2,61,773രൂപ

എം ബുക്ക് നമ്പർ 123/21,58/22

വാല്വേഷൻ വന്ന മുഴുവൻ തുകയും ചെലവഴിച്ചിട്ടുണ്ട്.

2.വർക്ക് കോഡ് 1602005002/WC/516785

വർഷം 2022-23

അടങ്കൽ 2,46,000രൂ

ചെലവ് 239904രൂ

പ്രവൃത്തി ആരംഭിച്ച തീയതി 10.10.22

അവസാനിച്ച തീയതി 10.01.23

തട്ട് കിളക്കൽ പ്രവൃത്തി - ആകെ ചെയ്ത അളവ് 949ക്യൂബിക്ക് മീറ്റർ

പ്രവൃത്തി മൂല്യം 949ക്യൂബിക്ക് മീറ്റർ @ 175.326/ക്യൂബിക്ക് മീറ്റർ = 1,66,384രൂ

വാല്വേഷൻ പ്രകാരമുള്ള മുഴുവൻ തുകയും കൂലിയായി നല്കിയിട്ടുണ്ട്.

ഇതുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.44/10.08.23) മറുപടിയായി നിലവിൽ പ്രസ്തുത ഇനമല്ല മണ്ണ് കിളക്കലിനായി ഉപയോഗപ്പെടുത്തുന്നതെന്നാണ് അറിയിച്ചത്.

ആവശ്യമായ മനുഷ്യദിനങ്ങളിൽ പരിമിതപ്പെടുത്തി തൊഴിൽ ദിനങ്ങൾ ക്രമീകരിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

2.എസ്റ്റിമേറ്റിലും എം ബുക്കിലും ഗുണഭോക്താക്കളുടെ സർവ്വേ നമ്പർ , പേര് രേഖപ്പെടുത്താത്തത്

2022-23 സാമ്പത്തിക വർഷത്തിന്റെ ആദ്യ ഭാഗത്ത് എസ്റ്റിമേറ്റ് തയ്യാറാക്കിയ ഭൂവികസന/ നീർത്തട വികസന പ്രവൃത്തികളിലൊന്നും തന്നെ വ്യക്തിഗത ഗുണഭോക്താക്കളുടെ സർവ്വേ നമ്പർ, പേര് തുടങ്ങിയവ ഉൾപ്പെടുത്തിയിട്ടില്ല. എം ബുക്കിലും സർവ്വേ നമ്പർ അടിസ്ഥാനത്തിലല്ല അളവുകൾ രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിന് നല്കിയ മറുപടിയിൽ നിലവിൽ അപാകം പരിഹരിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.

**3**.സിറ്റിസൻ ഇൻഫർമേഷൻ ബോർഡ്

സിറ്റിസൻ ഇൻഫർമേഷൻ ബോർഡ് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മാർഗ്ഗനിർദ്ദേശങ്ങളിൽ സൂചിപ്പിച്ച പ്രകാരമല്ല സ്ഥാപിച്ചിട്ടുള്ളത്. ബോർഡ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ഉൾപ്പെടുത്തിയ എഗ്രിമെന്റ് ചമച്ചിട്ടില്ല. മണ്ണിൽ സ്ഥിരമായി ഉറപ്പിച്ച് നിർത്താതെ വെറുതെ കുഴിച്ച് വയ്ക്കുകയാണ് ചെയ്തിട്ടുള്ളത്. ആയത് ശരിയല്ല. ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മാർഗ്ഗനിർദ്ദേശങ്ങളിൽ നിർദ്ദേശിച്ച സ്പെസിഫിക്കേഷനിൽ നിർദ്ദേശിച്ച രീതിയിൽ തന്നെ ബോർഡുകൾ സ്ഥാപിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 12,70,600 | 82 |
| വിധവാ പെൻഷൻ | 2,24,34,100 | 1586 |
| വാർദ്ധക്യകാല പെൻഷൻ | 5,96,07,300 | 4407 |
| ഭിന്നശേഷിയുള്ളവർക്കുള്ള പെൻഷൻ | 62,93,800 | 445 |
| 50 വയസ്സിനുമുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 53,42,800 | 394 |
| വിവാഹ ധനസഹായം | 1,80,000 | 6 |

മരണപ്പെടുന്നതിനാലും, പുനർവിവാഹം, ജോലി ലഭിച്ചത് എന്നീ കാരണങ്ങളാലും അർഹത നഷ്ടപ്പെടുന്ന ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനായി ഫലപ്രദമായ നടപടികൾ സ്വീകരിക്കേ ണ്ടതും അനർഹരെ യഥാസമയം ഡാറ്റാബേസിൽ നിന്ന് ഒഴിവാക്കി അധികമായി കൈപ്പറ്റിയ തുക സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിലേക്ക് തിരിച്ചടപ്പിക്കേണ്ടതുമാണ്.

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 03.08.23 തീയതിയിൽ സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹31,766 ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു .

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവേ തൃപ്തികരമാണ്. പ്രതിമാസ ഓഫീസ് മീറ്റിംഗുകൾ ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തുകയും ആവശ്യമായ ക്രമീകരണങ്ങൾ നടത്തുകയും ചെയ്യുന്നുണ്ട്.

രജിസ്റ്റർ സൂക്ഷിപ്പ്

ആസ്തി രജിസ്റ്റർ കാലികമാക്കാത്തതും വാർഷിക സ്റ്റോക്ക് വെരിഫിക്കേഷൻ നടത്തി സാക്ഷ്യപ്പെടുത്തൽ വരുത്താത്തതും അപാകങ്ങളാണ്.

പദ്ധതി മോണിറ്ററിംഗ്

വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ പദ്ധതി നിർദ്ദേശങ്ങൾ മാത്രമാണ് അജണ്ടകളാകുന്നത്. പദ്ധതി അവലോകനം , മോണിറ്ററിംഗ് തുടങ്ങിയ ചുമതലകൾ കൂടി നിർവ്വഹിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതിലേക്ക് അതാത് സ്റ്റാൻഡിംഗ്

കമ്മറ്റികളുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

വിവിധ വർഷങ്ങളിലെ വാർഷിക പദ്ധതികളുടെ ഭാഗമായി സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി വ്യക്തികൾക്കും ഗ്രൂപ്പുകൾക്കും ഗ്രാമപഞ്ചായത്ത് ധനസഹായം നല്കിയിട്ടുണ്ട്. പ്രസ്തുത സ്ഥാപനങ്ങളുടെ പ്രവർത്തനം നിശ്ചിത ഇടവേളകളിൽ മോണിറ്റർ ചെയ്യേണ്ടതും പദ്ധതികളുടെ ഉദ്ദേശലക്ഷ്യങ്ങൾ കൈവരിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

ഭൂനികുതി

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ അടിസ്ഥാന ഭൂനികുതി ഒടുക്കു വരുത്താത്തത് അപാകമാണ്. പുറമ്പോക്ക് ഭൂമി സംരക്ഷിക്കുന്നതിനുള്ള നടപടികളും ഉണ്ടാകേണ്ടതുണ്ട്.

വിവരാവകാശം

വിവരാവകാശ അപേക്ഷകളിൽ അനധികൃത നിർമ്മാണങ്ങളും ചട്ടലംഘനങ്ങളും ഉള്ളതായി ചൂണ്ടിക്കാണിക്കപ്പെടുന്നുണ്ട്. മറുപടി നല്കുന്നതിൽ കവിഞ്ഞ്, പ്രസ്തുത വിഷയങ്ങളിൽ തുടർനടപടികൾ സ്വീകരിച്ച് ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായ ചുമതലകളിൽ വീഴ്ച്ച വരുന്നില്ല എന്ന് ഉറപ്പ് വരുത്താനും സമാന അപാകങ്ങൾ മറ്റ് സ്ഥലങ്ങളിൽ ആവർത്തിക്കുന്നില്ല എന്ന് പരിശോധിക്കാനും ശ്രദ്ധിക്കേണ്ടതാണ്.

സകർമ്മ

ഗ്രാമപഞ്ചായത്തിലെ ഭരണസമിതി യോഗങ്ങളുടെയും യോഗ തീരുമാനങ്ങളുടെയും വിശദാംശങ്ങൾ രേഖപ്പെടുത്തുന്നത് സകർമ്മ സോഫ്റ്റ് വെയർ അപ്ലിക്കേഷൻ മുഖാന്തിരമാണ്. പ്രസ്തുത സോഫ്റ്റ് വെയറിൽ നിന്നുള്ള റിപ്പോർട്ടുകൾ പരിശോധിച്ചപ്പോൾ ഭരണസമിതി യോഗം ചേർന്ന ശേഷം മിനട്സ് പ്രസിഡണ്ടിന്റെ അംഗീകാരത്തിനയക്കാനും അംഗീകരിക്കാനും കാലതാമസം വരുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| യോഗം ചേർന്ന തീയതി | പ്രസിഡണ്ടിന്റെ അംഗീകാരത്തിനായി സമർപ്പിച്ച തീയതി | പ്രസിഡണ്ട് അംഗീകരിച്ച തീയതി |
|---|---|---|
| 22.09.22 | 09.11.22 | 09.11.22 |
| 30.09.22 | 15.11.22 | 15.11.22 |
| 07.10.22 | 12.10.22 | 18.10.22 |
| 22.10.22 | 16.11.22 | 16.01.23 |

സമാന അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-10 ഗ്രാമസഭ

ഗ്രാമസഭകൾ കൃത്യമായ ഇടവേളകളിൽ സമ്മേളിച്ചിട്ടുണ്ട്. എല്ലാ ഗ്രാമസഭകളിലും നിശ്ചിത ക്വാറം തികയുന്നുണ്ട്. പദ്ധതി രൂപീകരണം, അവലോകനം, വാർഷിക പദ്ധതി ഗുണഭോക്താക്കളെ അംഗീകരിക്കൽ, ഭിന്നശേഷി സവിശേഷ തിരിച്ചറിയൽ കാർഡിനായുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുക്കൽ, സിറ്റിസൺ പോർട്ടൽ, മാലിന്യങ്ങളുടെ കൈകാര്യം ചെയ്യൽ സംബന്ധിച്ച ബൈലോ അവതരണം, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, അതിദാരിദ്ര്യം സംബന്ധിച്ച വിഷയങ്ങൾ എന്നിവ പ്രധാന അജണ്ടകളാണ്.

ഗ്രാമസഭാ മിനട്സ് അതാത് ഗ്രാമസഭകളിൽ പങ്കെടുത്ത 15 പേരെങ്കിലും സാക്ഷ്യപ്പെടുത്തിയിരിക്കണമെന്ന വ്യവസ്ഥ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-11 എഫ് ടി ഇ & ഒ എസ് ലൈസൻസ് - അപാകങ്ങൾ

I)ലൈസൻസ് ഫീസ് നിശ്ചയിച്ചതിലെ അപാകങ്ങൾ

31.10.2017 ലെ ജി.ഒ.(പി) 80/2017 പ്രകാരം ഭേദഗതി വരുത്തിയ 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും കച്ചവടങ്ങൾക്കും സംരംഭപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം സ്ഥാപനങ്ങളെ ഉത്പാദന മേഖല, സേവന മേഖല എന്നീ മേഖലകളിലായി തരം തിരിച്ച് അവയുടെ മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ മൈക്രോ, സ്മോൾ, മിനി, മീഡിയം, ലാർജ്ജ് എന്റർപ്രൈസുകളായി തരം തിരിച്ച് ഓരോന്നിനും ബാധകമായ (പട്ടിക 2 ൽ പ്രതിപാദിച്ച പ്രകാരമുള്ള) ലൈസൻസ് ഫീസാണ് ഈടാക്കേണ്ടത്. ചട്ടപ്രകാരം ഈടാക്കേണ്ട തുക സംബന്ധിച്ച വിശദവിവരം ചുവടെ ചേർക്കുന്നു

| ക്രമനമ്പർ | സ്ഥാപനത്തിന്റെ വിഭാഗം | ഈടാക്കാവുന്ന പരമാവധി വാർഷിക ലൈസൻസ് ഫീസ് |
|---|---|---|
| 1 മൈക്രോ എന്റർപ്രൈസസ് | | |

| | | |
|---|---|---|
| മേഖല | മൂലധനനിക്ഷേപം | |
| ഉത്പാദന മേഖല | 25 ലക്ഷം രൂപയിൽ കൂടാത്തത് | 500 |
| സേവന മേഖല | 10 ലക്ഷം രൂപയിൽ കൂടാത്തത് | |
| 2 മിനി എന്റർപ്രൈസസ് | | |
| മേഖല | മൂലധനനിക്ഷേപം | |
| ഉത്പാദന മേഖല | 25 ലക്ഷം രൂപയിൽ കൂടുതലും 1 കോടി രൂപയിൽ കവിയാത്തതും | 1000 |
| സേവന മേഖല | 10 ലക്ഷം രൂപയിൽ കൂടുതലും 50 ലക്ഷം രൂപയിൽ കവിയാത്തതും | |
| 3 സ്മോൾ എന്റർപ്രൈസസ് | | |
| മേഖല | മൂലധനനിക്ഷേപം | |
| ഉത്പാദന മേഖല | 1കോടി രൂപയിൽ കൂടുതലും 5കോടി രൂപയിൽ കവിയാത്തതും | 5000 |
| സേവന മേഖല | 50 ലക്ഷം രൂപയിൽ കൂടുതലും 2കോടി രൂപയിൽ കവിയാത്തതും | |
| 4 മീഡിയം എന്റർപ്രൈസസ് | | |
| മേഖല | മൂലധനനിക്ഷേപം | |
| ഉത്പാദന മേഖല | 5 കോടി രൂപയിൽ കൂടുതലും 10 കോടി രൂപയിൽ കവിയാത്തതും | 10000 |
| സേവന മേഖല | 2കോടി രൂപയിൽ കൂടുതലും 5 കോടി രൂപയിൽ കവിയാത്തതും | |
| 5 ലാർജ്ജ് എന്റർപ്രൈസസ് | | |
| മേഖല | മൂലധനനിക്ഷേപം | |
| ഉത്പാദന മേഖല | 10കോടി രൂപയിൽ കൂടുതൽ | 15000 |
| സേവന മേഖല | 5കോടി രൂപയിൽ കൂടുതൽ | |

ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 8.2.2018 തീയതിയിലെ 9/36 നമ്പർ തീരുമാനപ്രകാരം ലൈസൻസ് ഫീസ് താഴെ കൊടുത്തിരിക്കുന്ന പ്രകാരം പുനർനിർണയിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

1. മൈക്രോ എന്റർപ്രൈസസ് ഒരു ലക്ഷം വരെ മൂലധനം ഉള്ളതിന് 100 രൂപ

2.മൈക്രോ എന്റർപ്രൈസസ് ഒരു ലക്ഷത്തിന് മുകളിൽ രണ്ട് ലക്ഷം വരെ മൂലധനം ഉള്ളത് 200രൂപ

3.മൈക്രോ എന്റർപ്രൈസസ് 2 ലക്ഷത്തിന് മുകളിൽ 3 ലക്ഷം വരെ മൂലധനം ഉള്ളതിന് 300 രൂപ

4.മൈക്രോ എന്റർപ്രൈസസ് 3 ലക്ഷത്തിന് മുകളിൽ 5 ലക്ഷം വരെ മൂലധനം ഉള്ളതിന് 500 രൂപ

5 മിനി എന്റർപ്രൈസസ് 5 ലക്ഷം വരെ മൂലധനം ഉള്ളതിന് 200 രൂപ

6. മിനി എന്റർപ്രൈസസ് 5 ലക്ഷത്തിന് മുകളിൽ 10 ലക്ഷം വരെ മൂലധനം ഉള്ളതിന് 400 രൂപ

7. മിനി എന്റർപ്രൈസ് 10 ലക്ഷത്തിന് മുകളിൽ 25 ലക്ഷം വരെ മൂലധനം ഉള്ളതിന് 1000 രൂപ

ലൈസൻസ് ഫീസ് നിശ്ചയിച്ചത് സംബന്ധിച്ച അപാകങ്ങൾ ചുവടെ ചേർക്കുന്നു

1.സ്ഥാപനങ്ങളുടെ മേഖല പരിഗണിക്കാതെയാണ് (ഉത്പാദന മേഖല , സേവന മേഖല) ഫീസ് നിർണ്ണയിച്ചിട്ടുള്ളത്.

2.ചട്ടപ്രകാരം സേവനമേഖലയിൽ 10 ലക്ഷം രൂപ വരെയും ഉൽപാദന മേഖലയിൽ 25 ലക്ഷം രൂപ വരെയുമുള്ള സ്ഥാപനങ്ങൾ മൈക്രോ എന്റർപ്രൈസസിലും സേവനമേഖലയിൽ 10 ലക്ഷം രൂപയിൽ കൂടുതലും 50 ലക്ഷം രൂപയിൽ കവിയാത്തതും ഉൽപാദന മേഖലയിൽ 25 ലക്ഷം രൂപയിൽ കൂടുതലും 1 കോടി രൂപയിൽ കവിയാത്തതുമായ സ്ഥാപനങ്ങൾ മിനി എന്റർപ്രൈസസിലുമാണ് ഉൾപ്പെടുന്നത്. എന്നാൽ മേൽ തീരുമാനത്തിൽ ഇപ്രകാരമല്ല

സ്ഥാപനങ്ങളെ ഉൾപ്പെടുത്തിയിട്ടുള്ളത്.

3.സ്മോൾ എന്റർപ്രൈസസ്, മീഡിയം എന്റർപ്രൈസസ്, ലാർജ്ജ് എന്റർപ്രൈസസ് എന്നീ വിഭാഗത്തിൽ നിന്നും ഈടാക്കേണ്ട ഫീസ് നിശ്ചയിച്ചിട്ടില്ല.

II) ലൈസൻസ് പുതുക്കുന്നതിനായുള്ള മിക്ക അപേക്ഷകളിലും മൂലധനനിക്ഷേപം സംബന്ധിച്ച രേഖപ്പെടുത്തലുകൾ ഇല്ല. അപേക്ഷയോടൊപ്പം അപേക്ഷകന്റെ സെൽഫ് ഡിക്ലറേഷൻ സർട്ടിഫിക്കറ്റ് സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഫീസ് കണക്കാക്കിയതിന്റെ അടിസ്ഥാനം വ്യക്തമല്ല. നല്ല മുതൽമുടക്കുള്ള നിരവധി വ്യാപാര/വ്യവസായ സ്ഥാപനങ്ങൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ലൈസൻസ് ഫീസായി ഈടാക്കുന്ന പരമാവധി തുക 5000 രൂപയാണ്. മൂലധനനിക്ഷേപം കൂടുതൽ രേഖപ്പെടുത്തിയ സ്ഥാപനങ്ങളിൽ നിന്നുപോലും ലൈസൻസ് ഫീസ് കുറവായാണ് ഈടാക്കിയിട്ടുള്ളത്. ഉദാഹരണം ചുവടെ ചേർക്കുന്നു

| സ്ഥാപനം | വാർഡ് നം/കെട്ടിട നമ്പർ | ലൈസൻസിയുടെ പേര് | മൂലധന നിക്ഷേപം (അപേക്ഷ പ്രകാരം) | ഈടാക്കിയ തുക/ രശീത് നം, തീയതി | ഈടാക്കാവുന്ന തുക |
|---|---|---|---|---|---|
| ബോണ്ട് വെൽ റസിൻസ് (സിന്തറ്റിക് റസിൻസ് നിർമ്മാണം) | 5/665 | മാനേജിംഗ് ഡയറക്ടർ, ബോണ്ട് വെൽ റസിൻസ് | 8,65,00000 | 5000, 121010112205/ 23.02.2022 | (*)5000രൂപയ്ക്ക് മുകളിൽ 10000രൂപ വരെ |

(*)ചട്ടപ്രകാരം ഉൽപ്പാദന മേഖലയിൽ മൂലധനനിക്ഷേപം 5കോടി രൂപയിൽ കൂടുതലും 10കോടി രൂപയിൽ കവിയാത്തതുമായ സ്ഥാപനങ്ങളിൽ (മീഡിയം എന്റർപ്രൈസസ്) നിന്നും ഈടാക്കേണ്ട പരമാവധി തുക 10000 ആണ്.

മേൽ അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (16/06.08.2023) ലൈസൻസ് ഫീസ് നിശ്ചയിച്ചതിലെ അപാകങ്ങൾ പരിഹരിക്കുന്നതാണെന്നും ബോണ്ട് വെൽ റസിൻസ് എന്ന സ്ഥാപനത്തിൽ നിന്നും കുറവ് വന്ന തുക ഈടാക്കുന്നതിന് ലൈസൻസിക്ക് അറിയിപ്പ് നൽകിയിട്ടുണ്ടെന്നും തുക ഒടുക്കുന്ന മുറക്ക് അറിയിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.
ലൈസൻസ് ഫീസ് നിശ്ചയിച്ചതുമായി ബന്ധപ്പെട്ട അപാകങ്ങൾ പരിഹരിച്ച് ഗ്രാമപഞ്ചായത്തിന് വരവ് നഷ്ടം ഉണ്ടാകുന്നത് ഒഴിവാക്കേണ്ടതും തുടർനടപടികൾ അറിയിക്കേണ്ടതുമാണ്.

## 1-12 തൊഴിൽനികുതി അപാകങ്ങൾ

തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും 2021-22 വർഷം തൊഴിൽ നികുതി ഒടുക്കിയ താഴെപ്പറയുന്ന സ്ഥാപനങ്ങൾ 2022 -23 വർഷം നികുതി ഒടുക്കിയിട്ടില്ല എന്ന് വ്യക്തമായിട്ടുണ്ട്.

| ക്രമനമ്പർ | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | ദീരജ് ഗോൾഡ്, അലവിൽ |
| 2 | കേരള റോഡ് ഫണ്ട് ബോർഡ് |
| 3 | സിഗ്നേച്ചർ മോട്ടോർസ് |
| 4 | മെട്രോപോളിസ് ലബോറട്ടറി |
| 5 | ഏഷ്യൻ പ്ലൈവുഡ് |
| 6 | ഹിന്ദുസ്ഥാൻ അഗ്രോ മാനുവർസ് |
| 7 | സെനോറിറ്റ സ്റ്റീൽ ഫർണ്ണിച്ചർ |
| 8 | ക്യൂർ & കെയർ ക്ലിനിക് |
| 9 | ക്യൂർ & കെയർ മെഡിക്കൽ ഷോപ്പ് |
| 10 | ഗ്രേറ്റ് ഇന്ത്യൻ ടെക്സ്റ്റൈൽസ് |
| 11 | ജീവൻ മെഡിക്കൽ ലാബ് |
| 12 | ദീപി അസോസിയേറ്റ്സ് |
| 13 | ധന്വന്തരി ആയുർവേദ ഹോസ്പിറ്റൽ & പഞ്ചകർമ്മ ഹോസ്പിറ്റൽ |

| | |
|---|---|
| 14 | വനിതാ കോ : ഓപ്പ് സൊസൈറ്റി |
| 15 | ശ്രീകണ്ഠ വീവിംഗ് വർക്സ് |
| 16 | ഫാഷൻ ഫാബ്രിക്സ് |

മേൽ സ്ഥാപനങ്ങളിൽ നിന്നും ചട്ടപ്രകാരമുള്ള തൊഴിൽനികുതി, സ്ഥാപനതൊഴിൽ നികുതി എന്നിവ ഡിമാന്റ് ചെയ്യുതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (10/06.08.2023) മറുപടിയായി ക്രമ നമ്പർ 1,2,6,7,10,15,16 പ്രകാരമുള്ള സ്ഥാപനങ്ങൾ 2022-23 വർഷം പ്രവർത്തനം അവസാനിപ്പിച്ച സ്ഥാപനങ്ങളാണെന്നും ക്രമ നമ്പർ 3,4,5,8,9,11,12,13,14 പ്രകാരമുള്ള സ്ഥാപനങ്ങളിൽ ചട്ടപ്രകാരം തൊഴിൽനികുതി അടവാക്കുന്നതിനുള്ള ജീവനക്കാരില്ലാതെയാണ് പ്രവർത്തിക്കുന്നതെന്നും മറുപടി നൽകിയിട്ടുണ്ട്. എന്നാൽ ടി സ്ഥാപനങ്ങൾക്ക് നൽകിയ ഡിമാന്റ് നോട്ടീസ്, സ്ഥാപന ഉടമ സമർപ്പിച്ച തൊഴിൽനികുതി റിട്ടേൺ/ സ്ഥാപനം പ്രവർത്തിക്കാത്തത് സംബന്ധിച്ച വിവരങ്ങൾ, ഫീൽഡ് പരിശോധനാറിപ്പോർട്ട് എന്നിവ ലഭ്യമാക്കിയില്ല. മേൽ പരാമർശിച്ച സ്ഥാപനങ്ങളിൽ ഫീൽഡ് പരിശോധന നടത്തി നിജസ്ഥിതി പരിശോധിക്കേണ്ടതും നികുതി ഈടാക്കേണ്ടതുണ്ടെങ്കിൽ ചട്ടപ്രകാരമുള്ള നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-13 പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു- ചട്ടലംഘനത്തിനുള്ള പിഴ ഈടാക്കേണ്ടതാണ്

1997 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ) ചട്ടങ്ങളിലെ ചട്ടം 3(1) പ്രകാരം ഒരു ഗ്രാമപഞ്ചായത്തിന്റെ പ്രദേശത്തിന്റെ അതിർത്തിക്കുള്ളിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ ഏതൊരു സ്വകാര്യ ആശുപത്രിയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനവും സ്ഥാപിക്കാൻ പാടുള്ളതല്ല. പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 5(1) പ്രകാരം ഇപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രിയുടേയോ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനത്തിന്റെയോ രജിസ്ട്രേഷൻ അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുന്നതിനു മുൻപായി പുതുക്കേണ്ടതാണ്.

1. 2022-23 വർഷം എഫ് ടി ഇ & ഒ എസ് ലൈസൻസ് എടുത്ത താഴെ പറയുന്ന പാരാമെഡിക്കൽ സ്ഥാപനം ടി വർഷം പാരാമെഡിക്കൽ രജിസ്ട്രേഷൻ നടത്തിയിട്ടില്ല

| ക്രമ നമ്പർ | ലൈസൻസിയുടെ പേര് | സ്ഥാപനം |
|---|---|---|
| 1 | ഡോ. പി.വി പ്രദീപൻ | ഡോ. പ്രദീപ് ക്ലിനിക് |

2. 2021-22 വർഷം പാരാമെഡിക്കൽ രജിസ്ട്രേഷൻ എടുത്ത താഴെപറയുന്ന സ്ഥാപനങ്ങൾ 2022-23 വർഷം രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല

| ക്രമ നമ്പർ | സ്ഥാപനം |
|---|---|
| 1 | ഇട്ടൂഴി ആയുർവേദ ഹെറിറ്റേജ് സെന്റർ |
| 2 | ആയുർവേദസ്കൂൾ & ട്രീറ്റ്മെന്റ് സെന്റർ |
| 3 | ഫിസിയോതെറാപ്പി യൂണിറ്റ് |
| 4 | ശ്രീകൃഷ്ണ മെഡിക്കൽ ലാബ് |

മേൽ സ്ഥാപനങ്ങളിൽ നിന്നും രജിസ്ട്രേഷൻ ഫീസ് ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (35/10.08.2023) മറുപടി ലഭ്യമാക്കിയില്ല. പഞ്ചായത്ത് പരിധിയിലുള്ള എല്ലാ പാരാമെഡിക്കൽ സ്ഥാപനങ്ങളും രജിസ്ട്രേഷനോടെയാണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പുവരുത്തേണ്ടതും രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്ന മേൽ സ്ഥാപനങ്ങളിൽ നിന്നും ചട്ടം 8 പ്രകാരമുള്ള ഫീസ് ഈടാക്കി അറിയിക്കേണ്ടതുമാണ്.

## 1-14 കൂട്ടിചേർക്കൽ വരുത്താൻ അനുമതി നൽകിയതും പെർമിറ്റ് കാലാവധി പൂർത്തിയായതുമായ കെട്ടിടങ്ങളുടെ വസ്തുനികുതി പുനർനിർണ്ണയം നടത്തിയിട്ടില്ല

2018-19, 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിൽ കൂട്ടിച്ചേർക്കൽ വരുത്തുന്നതിനായി പെർമിറ്റ് അനുവദിച്ചിട്ടുള്ളതും പെർമിറ്റ് കാലാവധി പൂർത്തിയായതുമായ ഏതാനും കെട്ടിടങ്ങളുടെ വിവരം സഞ്ചയ സോഫ്റ്റ്‌വെയറിൽ പരിശോധിച്ചതിൽ നിന്നും ഭൂരിഭാഗം കെട്ടിടങ്ങൾക്കും കൂട്ടിചേർക്കൽ വരുത്തിയ തറവിസ്തീർണ്ണം കൂടി ഉൾപ്പെടുത്തി വസ്തുനികുതി പുനർനിർണ്ണയം നടത്തിയിട്ടില്ല എന്ന് കാണുകയുണ്ടായി. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ | വാർഡ്/ | ഉടമസ്ഥന്റെ | പെർമിറ്റ് | അധിക | സഞ്ചയ |
|---|---|---|---|---|---|

| നമ്പർ | കെട്ടിട നമ്പർ | പേര് | നമ്പർ /തീയതി കാലാവധി | നിർമാണത്തിനായി അനുമതി നൽകിയ തറവിസ്തീർണം (ച.മീ) | പ്രകാരം നികുതി നിർണയിച്ച തറവിസ്തീർണം (ച.മീ) |
|---|---|---|---|---|---|
| 1 | 8/446 A | നൂർജഹാൻ | BA/160387 26.06.2019, 25.06.2022 വരെ(3 വർഷം) | Existing- 75.13 Proposed-42.62 | 75.13 |
| 2 | 23/380 | ഷൺമുഖദാസ് | BA/46040 01.03.2019, 28.02.2022 വരെ(3 വർഷം) | Existing- 61.52 Proposed-54.07 | 56.7 |
| 3 | 3/598 B | കെ.പി സജീവൻ | BA/65640, 27.03.2019 26.03.2022 വരെ (3 വർഷം) | Existing- 120.14 Proposed-66.02 | 120.14 |
| 4 | 12/336 A | മല്ലിക | BA/70968, 5.04.2019, 04.04.2022 വരെ (3 വർഷം) | Existing- 58.46 Proposed-54.33 | 54.74 |

ഇപ്രകാരമുള്ള കെട്ടിടങ്ങളുടെ നികുതി പുനർനിർണ്ണയിക്കാതിരുന്നതിന്റെ കാരണം, കൂട്ടിച്ചേർക്കലുകൾക്കായി അനുമതി നൽകിയ കെട്ടിടങ്ങളിൽ 2022-23 വർഷം കംപ്ലീഷൻ പ്ലാൻ സമർപ്പിച്ച കെട്ടിടങ്ങളുടെ വിവരം, മേൽ കെട്ടിടങ്ങൾക്ക് വസ്തുനികുതി പുനർനിർണ്ണയിച്ച് നൽകിയതിന്റെ വിവരം, കൂട്ടിച്ചേർക്കലുകൾക്കായി പെർമിറ്റ് അനുവദിച്ച് കാലാവധി പൂർത്തിയായിട്ടും കംപ്ലീഷൻ പ്ലാൻ സമർപ്പിക്കാത്ത കെട്ടിടങ്ങളുടെ കാര്യത്തിൽ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ അറിയിക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (33/10.08.2023) മറുപടിയായി ഗ്രാമപഞ്ചായത്തിൽ GIS Mapping നടത്തിവരികയാണെന്നും ആയത് പൂർത്തിയാകുന്ന മുറക്ക് എല്ലാ കെട്ടിടങ്ങളുടേയും വിവരം സോഫ്റ്റ് വെയറിൽ അപ്ഡേറ്റ് ചെയ്ത് നികുതി നിർണ്ണയിക്കുന്നതാണെന്നും ഓഡിറ്റ് വർഷം 10 കെട്ടിടങ്ങൾക്ക് കംപ്ലീഷൻ പ്ലാൻ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ നികുതി പുനർനിർണ്ണയിച്ചിട്ടുണ്ടെന്നും വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിലെ എല്ലാകെട്ടിടങ്ങളും ഫീൽഡ് പരിശോധന നടത്തി വിവരങ്ങൾ സഞ്ചയയിൽ അപ്ഡേറ്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. തുടർനടപടികൾ അറിയിക്കേണ്ടതാണ്.

## 1-15 വിസ്തൃതി കുറഞ്ഞ പാർപ്പിടങ്ങൾക്കുള്ള വസ്തു നികുതി ഇളവ് - പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്

വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട സ.ഉ(എം.എസ്)നം.358/15/തസ്വഭവ തീയതി 16.12.2015 ഖണ്ഡിക 3 പ്രകാരം 60 ച.മീ വരെ വിസ്തീർണ്ണമുള്ളതും ഒരു കുടുംബത്തിലെ കുടുംബനാഥൻ/കുടുബനാഥയുടെ പേരിലുള്ളതും സ്വന്തം താമസത്തിനായി ഉപയോഗിക്കുന്നതുമായ ഒരു വാസഗൃഹത്തെ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ സഞ്ചയ അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും 60 ച.മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള നിരവധി വാസഗൃഹങ്ങളെ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട് എന്ന് കാണുകയുണ്ടായി. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ് നമ്പർ / | ഉടമസ്ഥന്റെ പേര് | വിസ്തീർണ്ണം |
|---|---|---|---|

| | കെട്ടിട നമ്പർ | | ച.മീ |
|---|---|---|---|
| 1 | 1/391 | മൂർക്കോത്ത് നാരായണി | 91 |
| 2 | 3/4A | അറാട്ട് തറക്കൽ കമലം | 122 |
| 3 | 4/84 | കാവിൽ വടക്കേവീട്ടിൽ രാജൻ | 92.04 |
| 4 | 4/142 | സായിൻറകത്ത് ഹാജിറ | 126 |
| 5 | 4/320 | പി വി നാരായണി | 72 |
| 6 | 4/499 | ചെല്ലട്ടേൻ സുനീശൻ | 81 |
| 7 | 4/584 | കക്കറയിൽ കുമാരൻ | 117 |
| 8 | 4/624 A | നെല്ല്യാട്ട്മഠത്തിൽ സതേഷ് | 195.82 |
| 9 | 5/10 | കച്ചായി ഒടിയിൽ പാത്തുക്കുഞ്ഞി | 87.5 |
| 10 | 16/1013 | പൂന്നക്കൽ പുരയിൽ നൗഷാദ് | 165 |
| 11 | 16/240 | പി അശോകൻ | 126 |

ഇപ്രകാരം കെട്ടിടങ്ങളെ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയതിന്റെ കാരണം അറിയിക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (34/10.08.2023) മറുപടിയായി കെട്ടിടങ്ങൾ ഫീൽഡ് പരിശോധന നടത്തി സഞ്ചയ സോഫ്റ്റ്‌വെയറിൽ ഡാറ്റാ എൻട്രി ചെയ്യുമ്പോൾ സംഭവിച്ച പിഴവാണോ എന്നത് പരിശോധിച്ച് സഞ്ചയയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി ആയത് പ്രകാരം നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർനടപടികൾ അറിയിക്കേണ്ടതാണ്.

2. വസ്തുനികുതി ഒഴിവാക്കി നൽകിയ താഴെപറയുന്ന കെട്ടിടത്തിന്റെ ഉപയോഗക്രമം പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.

| വാർഡ് നമ്പർ /കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | വിസ്തീർണ്ണം ച.മീ | ഉപയോഗക്രമം |
|---|---|---|---|
| 2/613 | പുത്തലത്ത് കുഞ്ഞിക്കണ്ണൻ നായർ | 305.25 | കാർ ഷെഡ് |

ഫീൽഡ് വെരിഫിക്കേഷൻ നടത്തി അനർഹരായവർക്ക് നികുതി ഇളവ് അനുവദിച്ചിട്ടില്ല എന്ന് പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതും തുടർനടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

## 1-16 കെട്ടിടങ്ങളുടെ ഉപയോഗക്രമം സംബന്ധിച്ച് വ്യക്തത വരുത്തേണ്ടതാണ്

സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നുള്ള റിപ്പോർട്ടുകൾ പ്രകാരം പഞ്ചായത്ത് പരിധിയിൽ റിസോർട്ട് ഗണത്തിൽപ്പെട്ട കെട്ടിടങ്ങൾ നിലവിലില്ല. എന്നാൽ ലൈസൻസ് രജിസ്റ്റർ പ്രകാരം ആരാം ബീച്ച് റിസോർട്ട് എന്ന സ്ഥാപനത്തിന് 2022-23 വർഷം ലൈസൻസ് അനുവദിച്ചിട്ടുണ്ട് (വാർഡ് നം 21 /കെട്ടിട നം 154, 155, 156, 157, 158, 159). സഞ്ചയ പരിശോധിച്ചതിൽ നിന്നും ടി കെട്ടിടത്തിന്റെ ഉപയോഗക്രമം വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ എന്ന ഗണത്തിൽപ്പെടുത്തിയാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത് (50രൂപ/ച.മീ) എന്ന് വ്യക്തമാവുന്നു.

റിസോർട്ടുകൾക്ക് ചതുരശ്രമീറ്ററിന് 90 രൂപ നിരക്കിലാണ് വസ്തുനികുതി നിർണ്ണയിക്കേണ്ടത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (36/10.08.2023) മറുപടിയായി ലൈസൻസ് അനുവദിച്ച കെട്ടിടങ്ങൾ വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളാണെന്നും ഹോട്ടൽ, റസ്റ്റോറന്റ് ആവശ്യങ്ങൾക്കാണ് ലൈസൻസ് നൽകിയിട്ടുള്ളതെന്നും അറിയിച്ചിട്ടുണ്ട്.

ഫീൽഡ് പരിശോധന നടത്തി കെട്ടിടത്തിന്റെ ഉപയോഗക്രമം സംബന്ധിച്ച് വ്യക്തത വരുത്തേണ്ടതും ഉപയോഗക്രമത്തിൽ മാറ്റമുണ്ടെങ്കിൽ ചട്ടപ്രകാരമുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-17 അനധികൃത കെട്ടിട നിർമ്മാണ രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല

സഞ്ചയ സോഫ്റ്റ് വെയറിലെ അസ്സസ്മെന്റ് രജിസ്റ്റർ പ്രകാരം ചിറക്കൽ ഗ്രാമ പഞ്ചായത്തിൽ 5 അനധികൃത കെട്ടിടങ്ങളാണുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം. | ഉടമസ്ഥന്റെ പേര് |
|---|---|---|
| 1 | 5/408 B | റഷീദ് വളപ്പിൽ നങ്കലത്തിൽ |
| 2 | 7/740 B | കൊയിലേര്യയൻ സന്തോഷ് കുമാർ |
| 3 | 12/476 A | ഗീജ കെ |
| 4 | 13/278 A | അനിത കെ |
| 5 | 17/652 A | പടിഞ്ഞാറെ പുരയിൽ ജീവാനന്ദൻ |

എന്നാൽ ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുന്ന അനധികൃത നിർമ്മാണ രജിസ്റ്റർ പ്രകാരം അനധികൃത കെട്ടിടങ്ങളുടെ എണ്ണം 4 ആണ്. മേൽ പട്ടികയിലെ ക്രമനമ്പർ 1 രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല.
തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 19.05.2014 തിയതിയിലെ 29342/ആർ.എ1/2014/തസ്വഭവ നമ്പർ സർക്കുലറിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അനധികൃത നിർമ്മാണ രജിസ്റ്റർ സൂക്ഷിക്കേണ്ടതിനെക്കുറിച്ചും രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ട വിവരങ്ങളെക്കുറിച്ചും വ്യക്തമായ നിർദേശങ്ങൾ നൽകിയിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ പരിപാലിച്ചു വരുന്ന അനധികൃത നിർമ്മാണ രജിസ്റ്റർ ഈ മാതൃകയിലുള്ളതല്ല. പഞ്ചായത്തിലെ അനധികൃത കെട്ടിടങ്ങളുടെ ചട്ടലംഘനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ, ചട്ടലംഘനത്തിനെതിരെ സ്വീകരിച്ച നടപടികൾ എന്നിവയൊന്നും രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. സർക്കാർ ഉത്തരവ് നം. (എം,എസ്) 170/2016 തസ്വഭവ തീയതി 16.11.2016ലെ ഉത്തരവ് (3) പ്രകാരം UA നമ്പർ നൽകുന്ന കെട്ടിടങ്ങളുടെ പൂർണ്ണ വിവരം നിർമ്മാണത്തിന്റെ സ്റ്റേജ് വ്യക്തമായി മനസ്സിലാക്കുന്ന വിധം ഫോട്ടോയെടുത്ത് പഞ്ചായത്ത് അധികൃതർ രജിസ്റ്ററിൽ സൂക്ഷിക്കേണ്ടതാണ്. ഈ നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (43/11.08.2023) മറുപടി ലഭ്യമാക്കിയില്ല. അനധികൃത കെട്ടിട നിർമ്മാണ രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തി സൂക്ഷിക്കേണ്ടതും പരിശോധനക്കായി ഹാജരാക്കേണ്ടതുമാണ്.

## 1-18 വസ്തു നികുതി നിർണ്ണയത്തിലെ അപാകങ്ങൾ - ഗ്രാമപഞ്ചായത്തിന് വരുമാന നഷ്ടത്തിന് സാധ്യത

1.വാണിജ്യകെട്ടിടങ്ങൾ- തറ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ ഉള്ള നികുതി വർദ്ധനവ് വരുത്തുന്നില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർ ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിൽ, ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ (2)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണ് എന്ന് നിഷ്കർഷിച്ചിരിക്കുന്നു. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണ്ണയം നടത്തേണ്ടതാണ്. ഗ്രാമപഞ്ചായത്തിൽ 2022-23 സാമ്പത്തിക വർഷം കെട്ടിടനമ്പർ അനുവദിച്ച മേൽപ്രകാരമുള്ള കെട്ടിടങ്ങളെ വെവ്വേറെ കെട്ടിടങ്ങളായി പരിഗണിച്ച് നികുതി നിർണ്ണയിച്ചതിനാൽ ഇവയ്ക്ക് 2011 ലെ കേരള പഞ്ചായത്ത് രാജ് നിയമം (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 6 പട്ടിക 6 അനുസരിച്ച് വിലയേറിയ സാധനങ്ങൾ കൊണ്ട് നിർമ്മിച്ച തറനിർമ്മിതിയുള്ളതും 250 ചതുരശ്രമീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ളതുമായ കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതിയിൽ വരുത്തേണ്ടതുമായ 15 ശതമാനം വർദ്ധനവ് വരുത്തിയിട്ടില്ല. കെട്ടിടങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട ഉടമയുടെ പേര് | വാർഡ് നം/കെട്ടിടനമ്പർ | കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം (ച.മീ) | പെർമിറ്റ് നമ്പർ,തീയതി |
|---|---|---|---|---|
| 1 | പ്രേമരാജൻ | 4/434 A1 മുതൽ | 1567 | A3 5048/2020, |

| | | | | |
|---|---|---|---|---|
| | | A25 വരെ | | 15.01.2021 |
| 2 | ഫൈസൽ എം | 5/399 A1,A2,A3 | 482.35 | A3-BA(166703)/2022, 21.05.2022 |
| 3 | ഷംഷീർ പി കെ | 22/678 A1 മുതൽ A10 വരെ | 275.51 | A3-BA(142781)/2022, 29.04.2022 |
| 4 | ശോഭ | 20/431 A1 മുതൽ A29 വരെ | 816.41 | A3/6931/19, 15.01.2021 |
| 5 | മുഹമ്മദ് സാജിദ് | 6/85 A മുതൽ H വരെ | 383 | A3-BA(75519)2021,20.03.2021 |
| 6 | രഞ്ജിത്ത് കുമാർ | 9/203 A1 മുതൽ A13 വരെ | 694.72 | A3-BA(70826)/2021, 17.03.2021 |

കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിൽ തറ നിർമിതിയുടെ അടിസ്ഥാനത്തിലുള്ള ചട്ട പ്രകാരമുള്ള നികുതി വർദ്ധനവ് വരുത്താത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (42/11.08,2023) 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർ ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(4) പ്രകാരം ഒരു കെട്ടിടത്തിന്റെ തന്നെ വ്യത്യസ്ത ഭാഗങ്ങൾ വെവ്വേറെ വ്യക്തിയുടെ ഉടമസ്ഥതയിലുള്ളതാണെങ്കിലോ, ഒരാളിന്റെ ഉടമസ്ഥതയിലാണെങ്കിൽ തന്നെ തക്കതായ കാരണങ്ങളാൽ ആ കെട്ടിടഭാഗങ്ങൾ പ്രത്യേക കെട്ടിടനമ്പർ നൽകിയിട്ടുണ്ടെങ്കിലോ ഓരോ ഭാഗത്തേയും വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോന്നിനും വസ്തുനികുതി ചുമത്തണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടെന്നും ആയത് പ്രകാരമാണ് സഞ്ചയയിൽ നികുതി നിർണ്ണയിക്കുന്നതിനുള്ള ഇളവുകൾ ക്രമീകരിച്ചിട്ടുള്ളതെന്നും അതിനാൽ ഇത്തരം കെട്ടിടങ്ങൾക്ക് 15% നികുതി വർദ്ധനവ് ബാധകമാക്കേണ്ടതില്ല എന്നും മറുപടി നൽകിയിട്ടുണ്ട്. വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കിയ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.
ഈ വിഷയത്തിൽ വ്യക്തത വരുത്തേണ്ടതാണ്.

2.റോഡിന്റെ തരം സഞ്ചയയിൽ തെറ്റായി രേഖപ്പെടുത്തിയതിനാൽ കെട്ടിടത്തിലേക്കുള്ള വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള നികുതി വർദ്ധനവ് വരുത്തിയിട്ടില്ല- നികുതി പുനർനിർണ്ണയിക്കേണ്ടതാണ്

2011 ലെ കേരള പഞ്ചായത്ത് രാജ് നിയമം (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 6 പട്ടിക 2 അനുസരിച്ച് 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്നും പ്രവേശനമാർഗ്ഗമുള്ള കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തുനികുതിയിൽ 20 % വർദ്ധനവ് ഉണ്ട്. മേൽ പട്ടികയിലെ ക്രമ നമ്പർ 1, 5 കെട്ടിടങ്ങളുടെ പ്രവേശനമാർഗ്ഗം പുതിയതെരു- കാട്ടാമ്പള്ളി റോഡ് ആണ്. പ്ലാൻ പ്രകാരം ടി റോഡിന്റെ വീതി 11 മീറ്റർ ആണ്. എന്നാൽ സഞ്ചയയിൽ കാട്ടാമ്പള്ളി റോഡ് 5 മീറ്ററിൽ കുറവും 1.5 മീറ്ററിൽ കൂടുതലും ഉള്ള റോഡുകളുടെ ഗണത്തിൽ ഉൾപ്പെടുത്തിയതിനാൽ മേൽ കെട്ടിടങ്ങൾക്ക് കെട്ടിടത്തിലേക്കുള്ള വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള നികുതി വർദ്ധനവ് വരുത്താനായിട്ടില്ല. 2021-22 വർഷത്തെ റിപ്പോർട്ടിലും ഇത് സംബന്ധിച്ച് പരാമർശമുണ്ട്.
ഈ വിഷയത്തിൽ സ്വീകരിച്ച തുടർനടപടികൾ അറിയിക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (42/11.08.2023) മറുപടിയായി 22.03.2023 തീയതിയിലെ സ ഉ(കൈ)നം.77/2023/തസ്വഭവ ഉത്തരവ് പ്രകാരമുള്ള റോഡ് തരംതിരിവിൽ കാട്ടാമ്പള്ളി റോഡ് 5 മീറ്ററിൽ കൂടുതൽ എന്ന ഗണത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.
തെറ്റായി ഡാറ്റാ എൻട്രി നടത്തിയതിനാൽ വരുമാന നഷ്ടം വന്നത് പരിശോധിക്കപ്പെടേണ്ടതും നികുതി പുനർനിർണ്ണയിക്കേണ്ടതുമാണ്.നികുതി പുനർനിർണ്ണയിച്ച് നഷ്ടമായ തുക ഈടാക്കിയ ശേഷം അനുബന്ധ രേഖകൾ സഹിതം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.
2023 വസ്തുനികുതി പരിഷ്കരണത്തിൽ ഇത്തരം അപാകങ്ങൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതിലേക്ക് ഭരണസമിതിയുടെയും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-19 വസ്തു നികുതി പരിഷ്കരണത്തിന്റെ അടിസ്ഥാനത്തിൽ തനതു വരുമാന വർധനവ്- അവലോകനം

വസ്തുനികുതി, തൊഴിൽ നികുതി, വിവിധ ലൈസൻസ് ഫീസുകൾ, രജിസ്ട്രേഷൻ ഫീസുകൾ എന്നിവയാണ് ഗ്രാമപഞ്ചായത്തിന്റെ പ്രധാന വരുമാന സ്രോതസ്സുകൾ. റവന്യൂ ചെലവുകൾ പ്രതിവർഷം കൂടി വരുന്ന സാഹചര്യത്തിൽ തനത് വരുമാന സമാഹരണം കാര്യക്ഷമമാക്കേണ്ടതുണ്ട്.
ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി
2022-23 വർഷത്തെ ചിറക്കൽ ഗ്രാമപഞ്ചായത്തിന്റെ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി മിനുട്ട്സ് പരിശോധിച്ചതിൽ നിന്നും

യോഗങ്ങളിൽ വസ്തുനികുതി കളക്ഷൻ പുരോഗതി സംബന്ധിച്ച് ചർച്ച ചെയ്യുകയും നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് ക്യാമ്പ് കളക്ഷൻ, മൈക്ക് അനൗൺസ്മെന്റ് എന്നീ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. മറ്റു തനതു വരുമാന മേഖലകൾ സംബന്ധിച്ച ചർച്ചകൾ നടന്നിട്ടില്ല. നിശ്ചിത ഇടവേളകളിൽ വസ്തുനികുതി ഒഴികെയുള്ള വിവിധയിനം നികുതി നികുതിയേതര വരവുകളുടെ ഡിമാന്റ്/പിരിവ് പുരോഗതി എന്നിവ സംബന്ധിച്ച അവലോകനം നടത്തിയിട്ടില്ല.

വസ്തുനികുതി പരിഷ്കരണം

നിലവിൽ സ.ഉ(കൈ)നം.77/2023/തസ്വഭവ തി:22.3.23, എസ്.ആർ.ഒ നം.479/2023 തി:5.4.23 പ്രകാരം വസ്തുനികുതി നിരക്ക് പുതുക്കി നിശ്ചയിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 01.04.2023 മുതലുള്ള വസ്തുനികുതി പരിഷ്കരണ നിരക്കുകൾ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ 18.04.2023 ൽ ചേർന്ന 58/23-ാം നമ്പർ തീരുമാനപ്രകാരം ഭരണസമിതിക്ക് ശുപാർശ ചെയ്യുകയും 24.04.2023 തീയതിയിലെ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 104/23 തീരുമാനപ്രകാരം പ്രസ്തുത നിരക്ക് അംഗീകരിക്കുകയും 17.06.2023 ന് കരട് വിജ്ഞാപനം പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ആയത് അന്തിമമാക്കിയിട്ടില്ല.

പ്രദേശത്തിന്റെ വികസന സ്ഥിതി, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ മേഖലാ വിഭജനം പുനർ വിജ്ഞാപനം ചെയ്തിട്ടുണ്ട്. എന്നാൽ 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 7 ൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ നികുതി/നികുതിയേതര വരവിനങ്ങളുമായി ബന്ധപ്പെട്ട അവലോകനം

1. വസ്തുനികുതി

ഗ്രാമപഞ്ചായത്തിന്റെ പ്രധാന തനത് വരുമാനമാർഗ്ഗമാണ് വസ്തുനികുതി ഇനത്തിലുള്ള വരവ്. സഞ്ചയ സോഫ്റ്റ് വെയർ അപ്ലിക്കേഷനിൽ നിന്നുള്ള അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ശ്രദ്ധയിൽപ്പെട്ട ചില അപാകങ്ങൾ ചുവടെ ചേർക്കുന്നു

A) 60 ച.മീ-ൽ കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നല്കിയത്

60 ച.മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള നിരവധി പാർപ്പിടങ്ങളെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ഇത് സംബന്ധിച്ച് പരിശോധന നടത്തി അനർഹമായി നികുതി ഇളവ് നല്കിയവരെ വസ്തുനികുതിയുടെ പരിധിയിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

B)മൊബൈൽ ടവറുകൾ

സഞ്ചയ പ്രകാരം ഗ്രാമപഞ്ചായത്തിൽ 13 മൊബൈൽ ഫോൺ ടവറുകളാണ് ഉള്ളത്. ഇതിൽ മൂന്ന് ടവറുകളുടെ വിസ്തീർണ്ണം 5 ച.മീ, 6 ച.മീ, 8 ച.മീ എന്നിങ്ങനെ രേഖപ്പെടുത്തിയാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. മൊബൈൽ ടവറുകളുടെ വസ്തുനികുതി കണക്കാക്കുമ്പോൾ ജനറേറ്റർ സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ തറ വിസ്തീർണ്ണം, മറ്റ് ഉപകരണങ്ങൾ സ്ഥാപിച്ചതിന്റെ തറ വിസ്തീർണ്ണം, ടവർ സ്പാൻ അനുസരിച്ചുള്ള വിസ്തീർണ്ണം എന്നിവ ഉൾപ്പെടെ കണക്കാക്കി നികുതി നിർണയിക്കേണ്ടതിനാൽ മേൽ മൊബൈൽഫോൺ ടവറുകളുടെ വിസ്തൃതി പരിശോധനയ്ക്ക് വിധേയമാക്കേണ്ടതും അപാകം സംഭവിച്ചിട്ടുണ്ടെങ്കിൽ നികുതി പുനർനിർണ്ണയിക്കേണ്ടതുമാണ്.

C)അനധികൃത കൂട്ടിച്ചേർക്കലുകൾ

മുൻവർഷങ്ങളിലെ പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും കെട്ടിടങ്ങൾക്ക് കൂട്ടിച്ചേർക്കലുകൾക്കായി പെർമിറ്റ് നൽകിയ നിരവധി കെട്ടിടങ്ങൾ പെർമിറ്റ് കാലാവധി പൂർത്തിയായ ശേഷം പെർമിറ്റ് പുതുക്കുകയോ കംപ്ലീഷൻ പ്ലാൻ സമർപ്പിച്ച് വസ്തുനികുതി പുനർനിർണിക്കുകയോ ചെയ്യാതെ തുടരുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ഈ വിഷയത്തിൽ ചട്ടപ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

D)റോഡുകളുടെ വീതി രേഖപ്പെടുത്തിയതിൽ അപാകം വന്നതിനാൽ വസ്തുനികുതിയിൽ കുറവു വന്നു

2013 ലെ വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി റോഡുകളുടെ തരംതിരിവ് കൃത്യമായി നടത്താത്തതിനാൽ നികുതിയിൽ കുറവ് സംഭവിച്ചിട്ടുണ്ട്. ഉദാഹരണമായി പുതിയതൊരു- കാട്ടാമ്പള്ളി റോഡ് 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡിന്റെ ഗണത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഈ റോഡ് 11 മീറ്ററിൽ കൂടുതൽ വീതി ഉള്ളതാണ്. ആയതിനാൽ ഈറോഡ് പ്രവേശന മാർഗം ആയിട്ടുള്ള കെട്ടിടങ്ങൾക്ക് വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള 20% നികുതി വർദ്ധനവ് വരുത്താതെയാണ് നികുതി നിർണ്ണയം നടത്തിയിട്ടുള്ളത്. അതുവഴി ഗ്രാമപഞ്ചായത്തിന് വലിയ തോതിലുള്ള നികുതി നഷ്ടം ഉണ്ടായിട്ടുണ്ട്.

E)വിവരാവകാശ രേഖകൾ

വിവരാവകാശം സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ നിന്നും പഞ്ചായത്ത് പരിധിയിൽ കെട്ടിടനമ്പർ ലഭിക്കാതെയും ലൈസൻസ് എടുക്കാതെയും സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി വിവരാവകാശപ്രകാരമുള്ള ചോദ്യങ്ങൾക്ക് മറുപടി നൽകിയിട്ടുണ്ട് എന്ന് വ്യക്തമാകുന്നു (ഉദാ. തപാൽ നമ്പർ SC1/189,19.04.2022, SC1-373/28.04.2022). നിലവിലുള്ള

കെട്ടിടങ്ങളിൽ അനധികൃത നിർമ്മാണം നടന്നതായി വിവരാവകാശ പ്രകാരമുള്ള ചോദ്യത്തിന് മറുപടിയായി അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. (തപാൽ നമ്പർ SC1/6853,21.12.2022). ഫീൽഡ് പരിശോധന നടത്തി അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തി യഥാസമയം റിപ്പോർട്ട് ചെയ്ത് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. പഴയ കെട്ടിടങ്ങൾ പൊളിച്ച് മാറ്റി അനുമതിയില്ലാതെ സി ആർ സെഡ് മേഖലയിൽ പുതിയ നിർമ്മിതികൾ നടത്തിയതായും വിവരാവകാശ രേഖകളിൽ ആരോപണം ഉന്നയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തുനിന്നുണ്ടായ വീഴ്ചകളാണ് ഇത്തരം ആരോപണങ്ങൾ ഉയരാൻ കാരണം എന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു.

2.എഫ് ടി ഇ & ഒ എസ് ലൈസൻസ്

എഫ്.ടി.ഇ&ഒ.എസ് ലൈസൻസ് ചട്ടങ്ങളുടെ 31.10.2017 ലെ ഭേദഗതി ഉത്തരവുകൾ പ്രകാരം മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് നിശ്ചയിക്കേണ്ടത്. ഗ്രാമപഞ്ചായത്തിൽ ഭേദഗതി ചട്ടപ്രകാരമുള്ള ലൈസൻസ് ഫീസ് നിശ്ചയിച്ചതിലെ അപാകം കാരണം ലൈസൻസ് വരവിനത്തിൽ കുറവ് സംഭവിച്ചിട്ടുണ്ട്. (വിശദ വിവരങ്ങൾ ഖണ്ഡിക 1-11 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്). ചട്ടപ്രകാരം ഈടാക്കാവുന്ന പരമാവധി ലൈസൻസ് ഫീസ് 15000/- രൂപയാണ്. എന്നാൽ പഞ്ചായത്തിൽ ഈടാക്കി വരുന്ന പരമാവധി ലൈസൻസ് ഫീസ് 5000 രൂപയാണ്. ആയത് പുനപ്പരിശോധിക്കേണ്ടതും വരുമാന നഷ്ടം ഒഴിവാക്കേണ്ടതുമാണ്.
സഞ്ചയ അസസ്മെന്റ് രജിസ്റ്റർ പ്രകാരം ഗ്രാമപഞ്ചായത്തിൽ വിവിധ വാണിജ്യ/വ്യവസായ ആവശ്യങ്ങൾക്കായി കെട്ടിടനമ്പർ അനുവദിച്ച കെട്ടിടങ്ങളുടെ എണ്ണം 5157 ആണ്. എന്നാൽ 2022-23 വർഷം ലൈസൻസെടുത്ത സ്ഥാപനങ്ങളുടെ എണ്ണം 1143 മാത്രമാണ്. ലൈസൻസെടുക്കുന്ന സ്ഥാപനങ്ങളുടെ എണ്ണത്തിലെ ഈ വ്യത്യാസം സംബന്ധിച്ച് പരിശോധന നടത്തേണ്ടതും പഞ്ചായത്ത് പരിധിയിൽ അനധികൃതമായി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

3.തൊഴിൽ നികുതി

തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്റർ പഞ്ചായത്തിൽ പരിപാലിച്ച് വരുന്നുണ്ട്. ഏതെങ്കിലും സ്ഥാപനം വിട്ടുപോയിട്ടുണ്ടോയെന്ന് ഫീൽഡ് പരിശോധനാ സമയത്ത് പരിശോധിക്കാവുന്നതാണ്.
വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി നടത്തുന്ന ഫീൽഡ് പരിശോധന പരമാവധി പ്രയോജനപ്പെടുത്തി എല്ലാ മേഖലയിലുമുള്ള പഞ്ചായത്തിന്റെ തനത് വരുമാനം കൃത്യമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-20 ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിക്ക് ഭൂനികുതി ഒടുക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ പേരിലുള്ള ഭൂമിക്ക് ഓഡിറ്റ് വർഷം ഭൂനികുതി ഒടുക്കിയിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണം നമ്പർ 7/06.08.23 ന് നല്കിയ മറുപടിയിൽ ഭൂനികുതി ഒടുക്കുന്നതുമായി ബന്ധപ്പെട്ട തുടർനിർദ്ദേശങ്ങൾക്കായി വില്ലേജ് ഓഫീസിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും പുറമ്പോക്ക് ഭൂമി കമ്പിവേലി കെട്ടി സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നുമാണ് അറിയിച്ചത്. തുടർ നടപടികൾ അറിയിക്കേണ്ടതും ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിലും പുറമ്പോക്ക് ഭൂമിയിലും അനധികൃത കൈയ്യേറ്റങ്ങൾ ഉണ്ടാകുന്നില്ലെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

## 1-21 മഴക്കാല പൂർവ്വ ശുചീകരണത്തിന് തുക നൽകിയത്-മുഴുവൻചെലവ് രേഖകളും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല-1,10,000രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു

വൗച്ചർ നം.:- 22200566/30-11-2022 ; ചെലവഴിച്ച തുക :- ₹230000/-

ഗ്രാമ പഞ്ചായത്ത് മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി ഓരോ വാർഡിനും ₹10,000/- നിരക്കിൽ വാർഡ് സാനിറ്റേഷൻ കമ്മിറ്റിക്ക് തുക അനുവദിച്ചിരുന്നു. 23 വാർഡുകൾക്കായി ആകെ ₹230000/- രൂപയാണ് അനുവദിച്ചത്. വാർഡ് സാനിറ്റേഷൻ കമ്മിറ്റികൾ തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കുന്നതിനായി ഓഡിറ്റ് അന്വേഷണം (നം 11/06.08.23) നല്കിയതിനെ തുടർന്ന് 12 വാർഡുകളിലെ (3,5,6,7,8,9,12,13,16,17,19,22) തുക യഥാവിധി ചെലവഴിച്ചതിന്റെ രേഖകൾ ഹാജരാക്കുകയുണ്ടായി. ബാക്കി 11 വാർഡുകളുടെ ചെലവു രേഖകൾ ഹാജരാക്കാത്തതിനാൽ (1,2,4,10,11,14,15,18,20,21,23 വാർഡുകൾ) പ്രസ്തുത വാർഡ് സാനിറ്റേഷൻ സമിതികൾക്ക് നല്കിയ ₹110000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-22 തെരുവ് വിളക്കുകൾ-മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

12-03-2013-ലെ സർക്കുലർ നം.65529/ഡി.സി.3/2012 ത.സ്വ.ഭ.വ. പ്രകാരം എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും മീറ്ററിംഗ് സംവിധാനത്തോട് കൂടിയ ഓട്ടോമാറ്റിക്ക് തെരുവ് വിളക്കുകൾ സ്ഥാപിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനുള്ള സാങ്കേതിക സഹായം കെ.എസ്.ഇ.ബി നൽകുന്നതും ഇതിന് ആവശ്യമായ തുക കെ.എസ്.ഇ.ബി-യിൽ ഗ്രാമപഞ്ചായത്ത് ഒടുക്കേണ്ടതുമാണ്.

മീറ്റർ ഘടിപ്പിക്കാത്ത തെരുവ് വിളക്കുകൾക്കും ഗ്രാമപഞ്ചായത്ത് 2022-23 വർഷം വൈദ്യുതി ചാർജ് ഒടുക്കിയിട്ടുണ്ട്. ഇത് സംബന്ധിച്ച വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമനം | വൌച്ചർ നം | തീയതി | തുക |
|---|---|---|---|
| 1 | 22200347 | 21-08-2022 | 180878 |
| 2 | 22200439 | 21-09-2022 | 148801 |
| 3 | 22200551 | 27-10-2022 | 5070 |
| 4 | 22200611 | 10-11-2022 | 15723 |

വൈദ്യുതി ഉപഭോഗത്തിന്റെ അടിസ്ഥാനത്തിലല്ല മറിച്ച് തെരുവ് വിളക്കുകൾക്കായി ഉപയോഗിച്ച് വരുന്ന ബൾബുകളുടെ തരം, എണ്ണം എന്നിവയുടെ അടിസ്ഥാനത്തിൽ നിരക്ക് നിശ്ചയിച്ച് കെ.എസ്.ഇ.ബി നൽകുന്ന ബിൽ പ്രകാരമാണ് ഗ്രാമ പഞ്ചായത്ത് വൈദ്യുതി ചാർജ്ജ് ഒടുക്കി വരുന്നത്. ഗ്രാമ പഞ്ചായത്തിന്റെ പരിധിയിലുള്ള മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയ തെരുവ് വിളക്കുകളുടേയും മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്താതെ വൈദ്യുതി ചാർജ് ഒടുക്കി വരുന്ന തെരുവ് വിളക്കുകളുടെയും വിശദവിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12/06-08-2023) നല്കിയ മറുപടിയിൽ മീറ്ററിംഗ് സംവിധാനം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് അറിയിച്ചിട്ടുണ്ട്.

മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്താൻ ബാക്കിയുള്ള തെരുവ് വിളക്കുകൾക്കു കൂടി മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-23 പെർഫോമൻസ് ഓഡിറ്റ് യൂണിറ്റ്-തുക നൽകിയത്-വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല- 60000രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു

വൗച്ചർ നമ്പർ 22201192/23-03-2023 ₹60000

2021-22 , 2022-23 സാമ്പത്തിക വർഷങ്ങളിലെ പെർഫോമൻസ് ഓഡിറ്റ് യൂനിറ്റിന്റെ പ്രവർത്തന ചെലവ് (പ്രതിവർഷം @10000), ഐ ടി കം ടെക്നിക്കൽ എക്സ്പർട്ട് വേതനം (പ്രതിവർഷം @20000) എന്നീ ഇനങ്ങളിലെ ഗ്രാമപഞ്ചായത്ത് വിഹിതമായി ആകെ 60000രൂപ (2*30000) പെർഫോമൻസ് ഓഡിറ്റ് യൂണിറ്റ് 3-ക്ക് നൽകിയിട്ടുണ്ട്. ആയതിന്റെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/06-08-2023) മറുപടിയായി വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ലെന്നും ലഭിക്കുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ 60000 രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസം ഒഴിവാക്കേണ്ടതാണ്.

## 1-24 അനുപൂരക പോഷകാഹാര വിതരണം - ജി എസ് ടി-ടി ഡി എസ് ചെയ്യാത്തത്

ഗുഡ്സ് & സർവ്വീസ് ആക്ട് 2017 ലെ സെക്ഷൻ 51, 21.07.2018 ലെ 28-ാം ജി.എസ്.ടി കൗൺസിൽ തീരുമാനം, കേന്ദ്ര ധനകാര്യ മന്ത്രാലയം റവന്യൂ വകുപ്പിന്റെ 14.9.2018 ലെ സർക്കുലർ നം 65/39/2018/DOR, സർക്കാർ ഉത്തരവ് (പി)162/2018/ധനം തീയതി 22.10.2018 എന്നിവ പ്രകാരം 1.10.2018 മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2.5 ലക്ഷം രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകളുടെ കാര്യത്തിൽ 2% ജി.എസ്.ടി - ടി.ഡി.എസ് ഈടാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ദേവാമൃതം ന്യൂട്രിമിക്സ്, കാരൻക്കാവ് യൂണിറ്റ് എന്ന സ്ഥാപനത്തിൽ നിന്നും ഐ സി ഡി എസ് സൂപ്പർവൈസർ അനുപൂരക പോഷകാഹാര പരിപാടിയുടെ ഭാഗമായി (പ്രോജക്ട് നമ്പർ 19/23) നടത്തിയിട്ടുള്ള വാങ്ങലുകളിന്മേൽ 2% ടി.ഡി.എസ്. ഈടാക്കിയിട്ടില്ല. ഇൻവോയ്സുകൾക്ക് പണം നൽകിയ വേളയിൽ 2% ജി എസ് ടി ടി.ഡി.എസ് ഈടാക്കാതെ തുക പൂർണ്ണമായും സപ്ലൈയർക്ക് അനുവദിച്ചത് ശരിയല്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ബിൽ നം. /തീയതി | ന്യൂട്രിമിക്സ് യൂണിറ്റിന് നൽകിയ തുക |
|---|---|---|
| 1 | 24/14.6.22 | 255256 |
| 2 | 56/05.8.22 | 125023 |

| | | |
|---|---|---|
| 3 | 91/13-09-22 | 125023 |
| 4 | 121/17-10-22 | 123535 |
| 5 | 148/10.11.22 | 115101 |
| 6 | 242/11-01-22 | 238635 |
| 7 | 269/01-02-23 | 119070 |
| 8 | 511310101220039/24-03-2023 | 120557 |
| | ആകെ | 1222200 |

നിയമാനുസൃതമായ കിഴിവ് നടത്താതെ സപ്ലൈയർക്ക് തുക അനുവദിച്ചതിന് വിശദീകരണം നൽകുവാനായി ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (22/08.8.23) മറുപടിയായി സ്ഥാപനം ജി എസ് ടി റിട്ടേൺ ഫയൽ ചെയ്തിട്ടുണ്ടെന്ന് അറിയിക്കുകയും രേഖകൾ പരിശോധനക്ക് ഹാജരാക്കുകയും ചെയ്തിട്ടുണ്ട്.
സ്രോതസിൽ നിന്നും നിശ്ചിത ശതമാനം ജി എസ് ടി കുറവ് ചെയ്ത ശേഷം മാത്രം തുക അനുവദിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-25 ഗവ. ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ - മരുന്ന് ലഭ്യമായിട്ടില്ല - 100000/- രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ഗവൺമെൻറ് ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ |
| പ്രോജക്ട് നമ്പർ | S0016/23 |
| അടങ്കൽ | 100000/- മെയിന്റനൻസ് ഫണ്ട് (റോഡിതരം) |
| ചെലവ്<br>ബിൽ നമ്പർ / തീയതി | ₹100000/-297/20.2.2023(ACR പ്രകാരം) |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ആയുർവേദം |

ചിറക്കൽ ആയുഷ് പ്രൈമറി ഹെൽത്ത് സെന്റർ (ഹോമിയോ), മന്ന ഡിസ്പെൻസറിയിൽ ആവശ്യമായ ഹോമിയോ മരുന്നുകൾ ലഭ്യമാക്കുന്നതിനാണ് മേൽ പദ്ധതി തയ്യാറാക്കിയത്.
കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് സൊസൈറ്റി മാനേജിംഗ് ഡയറക്ടറുടെ അക്കൗണ്ടിലേക്ക് 100000/- രൂപ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. ടാക്സ് ഇൻവോയ്സ് നം. PF - 1001, 13.12.22 പ്രകാരമാണ് ഓർഡർ നടത്തിയത്. മരുന്നുകൾ ലഭ്യമായിട്ടുണ്ടോ എന്ന് വ്യക്തമാക്കുന്നതിനായി നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.1/ 04.08.23) മറുപടിയായി പർച്ചേസ് ഓർഡർ നൽകിയ മരുന്നുകൾ ലഭ്യമായിട്ടില്ലെന്ന വിവരം അറിയിച്ചിട്ടുണ്ട്. മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിന് കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ലിമിറ്റഡ് എന്ന സ്ഥാപനത്തോട് രേഖാമൂലം ആവശ്യപ്പെടേണ്ടതും തുടർനടപടികൾ സംബന്ധിച്ച വിവരങ്ങൾ അറിയിക്കേണ്ടതുമാണ്.
മരുന്നുകൾ ലഭ്യമായിട്ടില്ലാത്തതിനാൽ 100000രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു. മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് പർച്ചേസ് ബില്ലുകളും സ്റ്റോക്ക് രജിസ്റ്ററും ഹാജരാക്കി ചെലവ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-26 കുടുംബാരോഗ്യ കേന്ദ്രത്തിൽ ലാബ് ഉപകരണങ്ങൾ വാങ്ങൽ - ക്വട്ടേഷൻ നടപടികൾ പാലിച്ചില്ല.

| | |
|---|---|
| പ്രൊജക്ടിന്റെ പേര് | കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ രോഗ നിർണ്ണയ സൗകര്യം ഏർപ്പെടുത്തൽ - 2021-22 |
| പ്രൊജക്ട് നമ്പർ | S0240/23 |
| അടങ്കൽ | ₹321305 ( തനത് ഫണ്ട് ) |

| | |
|---|---|
| ചെലവ് ₹152037 | A.വൗച്ചർ നം.22200872/14.1.23. 7283/-<br>B.വൗച്ചർ നം.22200871/14.01.23. 19464/-<br>C.വൗച്ചർ നം.22200881/17.1.23. 14662/-<br>D.വൗച്ചർ നം.22201086/07.3.23. 20697/-<br>E.വൗച്ചർ നം.22201085/7.3.23. 11712/-<br>F.വൗച്ചർ നം.22201175/21.3.23. 20650/-<br>G.വൗച്ചർ നം.22201177/21.03.23. 2442/-<br>H.വൗച്ചർ നം.22201203/24.3.23. 7753/-<br>I.വൗച്ചർ നം.22201201/2 4.3.23. 24642/-<br>J.വൗച്ചർനം. 22201204/24.3.23. 22732/- |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, എഫ് എച്ച് സി |

കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും രോഗ നിർണ്ണയ സംവിധാനം ഏർപ്പെടുത്തുന്നതിനും സ്റ്റാഫുകൾക്ക് പരിശീലനം നല്കി ലാബ് സൗകര്യം മെച്ചപ്പെടുത്തുന്നതിനുമാണ് മേൽ പ്രൊജക്ട് തയ്യാറാക്കിയത്.

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകങ്ങൾ താഴെ കൊടുക്കുന്നു.

1.സ.ഉ (പി) നം.07/2014/എസ് പി ഡി, തീയതി 28.8.14 ഖ. 7. 6 പ്രകാരം എസ്റ്റിമേറ്റ് തുക 15000 രൂപയ്ക്ക് മുകളിലും 100000/- രൂപ വരെ മൂല്യമുള്ള സ്റ്റോറുകൾ വാങ്ങുന്നതിന് ക്വട്ടേഷൻ നിർബന്ധമായും ക്ഷണിക്കേണ്ടതാണ്. ലാബിലേക്ക് ആവശ്യമായ സാമഗ്രികൾ വിവിധ സ്ഥാപനങ്ങളിൽ നിന്ന് വാങ്ങുന്നതിനു മുമ്പ് ക്വട്ടേഷൻ ക്ഷണിച്ചതുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയിട്ടില്ല.

താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നാണ് ലബോറട്ടറി സാമഗ്രികൾ വാങ്ങിയിട്ടുള്ളത്.

A.ഓസോൺ കെമിക്കൽസ്, കണ്ണൂരിൽ നിന്ന് മേൽ വൗച്ചർ നം.22201204/24.3.23 പ്രകാരം 22732രൂപയുടെ പർച്ചേസ് നടത്തി.

B. അഡെൽട്ട ഒപ്പെക്, യമുന നഗർ, ഹരിയാനയിൽ നിന്ന് വൗച്ചർ നം.22201201/24.3.23 പ്രകാരം 24642രൂപയുടെ പർച്ചേസ് നടത്തി.

C.ലിങ്ക് സർജിക്കൽസ് ആൻ്റ് മെഡി സിസ്റ്റം കണ്ണൂരിൽ നിന്ന് വൗച്ചർ നം. 22200871/14.01.23 പ്രകാരം 19464രൂപയുടെ പർച്ചേസ് നടത്തി.

കൂടാതെ പല ഘട്ടങ്ങളിലായി ഓസോൺ കെമിക്കൽസ്, ലിങ്ക് സർജിക്കൽസ് ആൻ്റ് മെഡി സിസ്റ്റം എന്നീ സ്ഥാപനങ്ങളിൽ നിന്നും പർച്ചേസുകൾ നടത്തിയിട്ടുണ്ട്

2.ഓസോൺ കെമിക്കൽസ്, ലിങ്ക് സർജിക്കൽസ് ആൻറ് മെഡി സിസ്റ്റം എന്നീ സ്ഥാപനങ്ങളുമായി ചമച്ച കരാർ ലഭ്യമാക്കിയിട്ടില്ല.

ക്വട്ടേഷൻ ക്ഷണിച്ചിട്ടുണ്ടെങ്കിൽ ആയതുമായി ബന്ധപ്പെട്ട ഫയൽ ഹാജരാക്കേണ്ടതും ഇല്ലെങ്കിൽ നടപടിക്രമങ്ങൾ പാലിക്കാതെ വാങ്ങലുകൾ നടത്തിയതിന് വിശദീകരണം ലഭ്യമാക്കുന്നതിനുമായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 25/08.08.23) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡുമായി റേറ്റ് കോൺട്രാക്റ്റിൽ വരുന്ന കമ്പനിയാണ് അഡൽട്ട ഒപ്പെക് എന്ന മറുപടി മാത്രമാണ് ലഭ്യമാക്കിയത്. സർക്കാർ മാർഗ്ഗരേഖാ നിർദ്ദേശവും ക്വട്ടേഷൻ നടപടികളും പാലിക്കാതെ ഇത്തരം വാങ്ങലുകൾ നടത്തുമ്പോൾ പദ്ധതിയുടെ കൃത്യത ചോദ്യം ചെയ്യപ്പെടും. പർച്ചേസ് നടത്തിയ സ്ഥാപനങ്ങളുമായി കരാർ ചമച്ചിട്ടില്ല എന്നതും അപാകമാണ്.

ഭാവിയിൽ പർച്ചേസുകൾ പൂർണ്ണമായും സ്റ്റോർ പർച്ചേസ് മാന്വൽ, പ്രൊക്യൂർമെൻ്റ് മാന്വൽ , സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-27 പി എച്ച് സി യിലേക്ക് മരുന്ന് വാങ്ങൽ - മാർഗ്ഗരേഖാ നിർദ്ദേശങ്ങൾ പാലിച്ചില്ല.474284 രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു

| | |
|---|---|
| പ്രൊജക്ടിന്റെ പേര് | പി എച്ച് സി യിലേക്ക് മരുന്ന് വാങ്ങൽ |
| പ്രൊജക്ട് നമ്പർ | S0080/23 |
| അടങ്കൽ ₹ 700000 | ₹700000 (മെയിൻറനൻസ് ഫണ്ട് -റോഡിതരം) |
| ചെലവ് ₹ 700000<br><br>ബിൽ നം. / തീയതി | A.22/07.06.22(ACR) ₹83104/-<br>B.54/03.08.22 (ACR) ₹9747/-<br>C.79/23.08.22 (ACR) ₹49462/-<br>D.81/23.08.22(ACR) ₹51106/- |

| | |
|---|---|
| | E.105/26.09.22(ACR) ₹4864/-<br>F.114/11.10.22(ACR). ₹47926/-<br>G.129/25.10.22(ACR). ₹12506/-<br>H.143/08.11.22(ACR). ₹13283/-<br>I.174/29.11.22(ACR). ₹98319/-<br>J .187/06.12.22(ACR). ₹14550/-<br>K.188/06.12.22(ACR). ₹59544/-<br>L.224/05.01.23(ACR). ₹36158/-<br>M.275/04.2.23(ACR). ₹56157/-<br>N.276/04.02.23(ACR). ₹1755/-<br>O.306/27.02.23(ACR). ₹99978/-<br>P.372/22.03.23(ACR). ₹61541/-<br>ആകെ ₹7,00,000 |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, എഫ് എച്ച് സി |

പി എച്ച് സി യിലേക്ക് ആവശ്യമായ മരുന്നുകൾ വാങ്ങുകയാണ് പദ്ധതി ലക്ഷ്യം.

സ.ഉ (കൈ) നം.115/2022/ത സ്വഭവ 28.05.22, 7.6.4 പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസറുടെ NAC ഇല്ലാതെയും ആരോഗ്യ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുന്നതിന് വേണ്ടിയല്ലാതെയും മരുന്നിന് വേണ്ടി തുക ചെലവഴിക്കാൻ പാടില്ല. കൂടാതെ അലോപ്പതി മരുന്ന് KMSCL ൽ നിന്ന് മാത്രമേ വാങ്ങാവൂ എന്നും ആയതിന് കാലതാമസം വന്നാൽ കാരുണ്യ, സപ്ലൈക്കോ, ജൻ ഔഷധി തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും വാങ്ങാം. (സ.ഉ(കൈ) നം.115/2022/തസ്വഭവ 28.05.22 ,7.6.4). കൂടാതെ 15.09.22 ലെ സ ഉ(സാധാ) നം.2243/2022/തസ്വഭവ ഉത്തരവിലൂടെ മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടുള്ള സ്ഥാപനങ്ങൾക്ക് പുറമെ നീതി സ്റ്റോറിനെക്കൂടി അത്യാവശ്യ ഘട്ടങ്ങളിൽ മരുന്ന് വാങ്ങുന്നതിനുള്ള സ്ഥാപനങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകങ്ങൾ താഴെ കൊടുക്കുന്നു.

1.സ്വകാര്യ മെഡിക്കൽ സ്റ്റോറുകളിൽ നിന്ന് മരുന്നുകൾ വാങ്ങി

മേൽ സൂചിപ്പിച്ച ബില്ലുകളിൽ ബിൽ നമ്പറുകൾ (ACR) 22/07.06.22, 79/23.08.22, 81/23.08.22, 174/29.11.22, 275/04.02.23, 306/27.02.23 പ്രകാരം കനാൻ ഡ്രഗ്സ് & സർജിക്കൽസ്, കണ്ണൂർ എന്ന സ്ഥാപനത്തിൽ നിന്നും യഥാക്രമം 83104/-,49462/-, 51106/-, 98319/-, 56157/-, 99978/- രൂപയുടെ മരുന്നുകൾ വാങ്ങിയിട്ടുണ്ട്(ആകെ 438126രൂ).

A. മരുന്നുകൾ സ്വകാര്യ സ്ഥാപനങ്ങളിൽ നിന്ന് വാങ്ങിയതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.

B.ബിൽ നമ്പർ 81/23.08.22, 174/29.11.22, 275/04.02.23 എന്നിവ പ്രകാരം കനാൻ ഡ്രഗ്സ് & സർജിക്കൽസിൽ നിന്നും പർച്ചേസ് നടത്തിയതിന് മുമ്പ് ലഭ്യമാക്കേണ്ട നോൺ അവെയിലബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

C. പർച്ചേസ് ഓർഡർ ലഭ്യമാക്കിയിട്ടില്ല.

2. മുഴുവൻ ചെലവു രേഖകളും ഹാജരാക്കിയിട്ടില്ല

സുലേഖ - ചെലവു പത്രിക പ്രകാരം 700000/- രൂപ ചെലവ് നടത്തിയിട്ടുണ്ട്. ഇതിൽ ACR ൽ രേഖപ്പെടുത്തിയ ബിൽ നം. 224/05.01.23. പ്രകാരം ചെലവഴിച്ച 36158/- രൂപയുടെ ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല.

കെ എം എസ് സി എൽ നെയും മറ്റ് അംഗീകൃത സ്ഥാപനങ്ങളെയും പൂർണ്ണമായും ഒഴിവാക്കിയ സാഹചര്യം വ്യക്തമാക്കുന്നതിനായി നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 26/08.08.23) കെ എം എസ് സി എല്ലിൽ നിന്നും കാരുണ്യയിൽ നിന്നും മരുന്ന് ലഭ്യമാകുന്നതിന് കാലതാമസം വരുന്നതു കൊണ്ടാണ് ക്വട്ടേഷൻ വിളിച്ച് മറ്റ് സ്ഥാപനത്തിൽ നിന്നും മരുന്നുകൾ ലഭ്യമാക്കിയതെന്നും കഴിഞ്ഞ പ്രാവശ്യം കെ എം എസ് സി എല്ലിൽ നിന്നും ഇൻഡന്റ് പ്രകാരമുള്ള മരുന്നുകൾ പല ഗഡുക്കളായി 30% മാത്രമാണ് ലഭ്യമായതെന്നുമാണ് മറുപടി നല്കിയത്.

മേൽപറഞ്ഞ സ്ഥാപനങ്ങളെ ഒഴിവാക്കി 438126/- രൂപയ്ക്ക് ഒരു സ്വകാര്യ സ്ഥാപനത്തിൽ നിന്നും മരുന്ന് ലഭ്യമാക്കിയത് മാർഗ്ഗരേഖയ്ക്കും സർക്കാർ ഉത്തരവിനും വിരുദ്ധമായ നടപടിയാണ്. സർക്കാർ നിശ്ചയിച്ച സ ഥാപനം വഴി മാത്രമേ മരുന്നുകൾ വാങ്ങാവൂ എന്ന് ഉത്തരവിൽ നിഷ്കർഷിച്ചിട്ടും അത് പാലിക്കാതെ സ്വകാര്യ സ്ഥാപനത്തിൽ നിന്ന് വാങ്ങിയതിനാലും ചെലവു രേഖകൾ ഹാജരാക്കാത്തതിനാലും 474284 രൂപയുടെ (438126+36158) ചെലവ് തടസ്സത്തിൽ വെക്കുന്നു. സർക്കാരിൽ നിന്നും സാധൂകരണം വാങ്ങി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-28 പെയ്ൻ ആൻറ് പാലിയേറ്റീവ് കെയർ - മുഴുവൻ ചെലവ് രേഖകളും ഹാജരാക്കിയില്ല -ചെലവ് തുക ₹38,000 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രൊജക്ടിന്റെ പേര് | പെയ്ൻ ആന്റ് പാലിയേറ്റീവ് കെയർ |
| പ്രൊജക്ട് നമ്പർ | S0104/23 |
| അടങ്കൽ ₹ 1508797 | 1454867/- (വികസന ഫണ്ട്, പൊതുവിഭാഗം)<br>53930/- (തനത് ഫണ്ട് ) |
| ചെലവ് ₹1504590 | 12/24.05.2022(ACR) ₹113800<br>21/7.6.22.(ACR). ₹72300/-<br>55/03.8.22(ACR). ₹99971/-<br>63/11.08.22(ACR). ₹73020/-<br>44/07.07.22(ACR). ₹73020/-<br>80/23.8.22(ACR). ₹99453/-<br>89/5.9.22(ACR). ₹39070/-<br>106/26.9.22(ACR). ₹99983/-<br>134/31.10.22(ACR). ₹15943/-<br>144/08.11.22(ACR). ₹99978/-<br>153/14.11.22(ACR). ₹38404/-<br>169/29.11.22(ACR). ₹97412/-<br>173/29.11.22(ACR). ₹43701/-<br>182/06.12.22(ACR) ₹42770/-<br>186/6.12.22(ACR). ₹52635/-<br>200/19.12.22(ACR). ₹99977/-<br>225/05.12.22(ACR). ₹39090/-<br>232/06.01.23(ACR). ₹20516/-<br>281/04.02.23(ACR). ₹39180/-<br>345/15.3.23(ACR). ₹28794/-<br>350/15.03.23(ACR). ₹25525/-<br>347/15.3.23(ACR). ₹39070/-<br>113/11.10.22(ACR). ₹40850/-<br>424/28.3.23(ACR). ₹56198/-<br>വൗച്ചർനം.22201084/06.03.23. ₹4410/-<br>വൗച്ചർനം.22200640 /21.11.22 ₹11520 /-<br>വൗച്ചർ നമ്പർ ലഭ്യമായിട്ടില്ല ₹38000/-<br>ആകെ ₹1504590 |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, എഫ് എച്ച് സി |

പെയ്ൻ ആന്റ് പാലിയേറ്റീവ് കെയറുമായി ബന്ധപ്പെട്ട മേൽ പ്രൊജക്ടിൽ താഴെ പറയുന്ന രേഖകളും വിവരങ്ങളും ഹാജരാക്കിയിട്ടില്ല.

സുലേഖ സ്റ്റേറ്റ്മെൻറ് പ്രകാരം 1504590/- രൂപയാണ് ആകെ ചെലവ്. ഹാജരാക്കിയ ബില്ലുകൾ പ്രകാരം ചെലവ് തുക 1466590/- രൂപയാണ്. 38000/- (1504590-1466590) രൂപയുടെ ചെലവ് രേഖകൾ ലഭ്യമാക്കിയിട്ടില്ല. രേഖകൾ

ഹാജരാക്കാത്തതിനാൽ പ്രസ്തുത ചെലവ് തടസത്തിൽ വെക്കുന്നു.

2. സെപ്തംബർ മാസത്തെ PMC രജിസ്റ്റർ പ്രകാരം ഒരു യൂണിറ്റിൽ പാലിയേറ്റീവ് നഴ്സില്ലാത്തതിനാൽ ഇന്റർവ്യൂ വെച്ച് തെരഞ്ഞെടുക്കാൻ തീരുമാനിച്ചതായി കാണാം. ഇന്റർവ്യൂ നടത്തിയതുമായി ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കിയിട്ടില്ല. ഒക്ടോബർ 2022 മുതൽ ശ്രീദേവി എം എസ് എന്ന നഴ്സാണ് പാലിയേറ്റീവ് നഴ്സായി തുടർന്നത്. ടിയാളെ തെരഞ്ഞെടുത്ത രേഖകൾ ലഭ്യമല്ല.

രേഖകൾ ഹാജരാക്കാനുള്ള ഓഡിറ്റ് എൻക്വയറിയ്ക്ക് (ഓഡിറ്റ് എൻക്വയറി നം. 40 /10.08.23) മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവു രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-29 കൃഷി ഓഫീസറുടെ പദ്ധതി നിർവ്വഹണം - പൊതു അപാകങ്ങൾ

നിർവ്വഹണോദ്യോഗസ്ഥൻ കൃഷി ഓഫീസർ

| | | | |
|---|---|---|---|
| A. പ്രൊജക്ടിന്റെ പേര് | നാളികേര വികസന പദ്ധതി | B. പ്രൊജക്ടിന്റെ പേര് | നെൽകൃഷിക്ക് കൂലി ചെലവ് സബ്സിഡി |
| പ്രൊജക്റ്റ് നമ്പർ | S0159/23 | പ്രൊജക്റ്റ് നമ്പർ | S0167/23 |
| അടങ്കൽ ₹1197114 | 847000/- (വികസന ഫണ്ട് – പൊതുവിഭാഗം)<br>350114/-(ഗുണഭോക്തൃ വിഹിതം- നേരിട്ട്) | അടങ്കൽ ₹55000 | 55000/- (വികസന ഫണ്ട് പൊതുവിഭാഗം) |
| ചെലവ് ₹1197114 (350114 രൂപ നേരിട്ടുള്ള ചെലവ്) | ബിൽ നം. / തീയതി<br>A.162/28.11.22(ACR). ₹518700/-<br>B.191/12.12.22(ACR). ₹169800/-<br>C.340/15.03.23(ACR) ₹18400/-<br>D.342/15.03.23(ACR). ₹140100/-<br>ആകെ ₹847000 | ചെലവ് ₹55000 | ബിൽനം./ തീയതി 300/21.02.23 (ACR) |

1. ഒരു തെങ്ങിന് 212 രൂപയുടെ ജൈവവളം, രാസവളം, കുമ്മായം ഇവ വാങ്ങിയാൽ 150 രൂപ സബ്സിഡി ആയി അനുവദിക്കുന്നതാണ് മേൽ സൂചിപ്പിച്ച പദ്ധതി A. ആകെ 5524 തെങ്ങുകൾക്ക് പദ്ധതി മുഖേന ആനുകൂല്യം നൽകുന്നു. സബ്സിഡി മാർഗ്ഗരേഖ (സ ഉ (കൈ) നം.115/2022/lsgd,28.05.22) പ്രകാരം ടി പദ്ധതിക്ക് ഹാജരാക്കിയ ബിൽ പരിശോധിച്ച് 75% നിരക്കിലാണ് സബ്സിഡി അനുവദിക്കുന്നത്. ചില ഗുണഭോക്താക്കൾക്ക് 150 രൂപ നിരക്കിലും ചിലർക്ക് 160 രൂപ നിരക്കിലും (ബിൽ നം. 340/15.03.23 പ്രകാരം നൽകിയത്) സബ്സിഡി നൽകിയതിന് കാരണം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 2/04.8.23), 2021-22 സാമ്പത്തിക വർഷത്തെ നാളികേര വികസന പദ്ധതിയിൽ ഉൾപ്പെട്ട 9 പേരുടെ അക്കൗണ്ട് വിവരങ്ങൾ തെറ്റിയത് കാരണം 18400/- രൂപ ഗവ. അക്കൗണ്ടിലേക്ക് പോവുകയും ആയത് 28.11.22 ലെ 01/284 തീരുമാന പ്രകാരം 2022-23 വർഷം പ്രൊജക്ടിൽ ഉൾപ്പെടുത്തി ഗുണഭോക്താക്കൾക്ക് നൽകാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിലാണ് 160 രൂപ സബ്സിഡിയായി 9 ഗുണഭോക്താക്കൾക്ക് നൽകിയതെന്നുമുള്ള മറുപടി ലഭ്യമാക്കി.

സ്പിൽ ഓവർ പദ്ധതിയായി എടുക്കാതെ കഴിഞ്ഞ വർഷത്തെ ബില്ലിൽ ഉൾപ്പെടുത്തി ആനുകൂല്യം നല്കേണ്ടിയിരുന്ന ഗുണഭോക്താക്കളെ പുതിയ പ്രൊജക്ടിൽ ഉൾപ്പെടുത്തി ആനുകൂല്യം നല്കുകയാണ് ചെയ്തത്. മാത്രമല്ല രണ്ടു വർഷത്തെയും പദ്ധതിച്ചെലവിൽ തുക ഉൾപ്പെടുകയും ചെയ്തിട്ടുണ്ട്.

ഇങ്ങനെ തെറ്റായ അക്കൗണ്ട് വിവരങ്ങൾ മാപ്പ് ചെയ്യുന്നതു മൂലം സർക്കാർ അക്കൗണ്ടിലേക്ക് തിരിച്ചു പോകുന്ന തുക തിരികെ നൽകുന്നതിന് പുതിയ പദ്ധതിയിൽ ഉൾപ്പെടുത്താതെ അക്കൗണ്ട് കറക്ഷൻ നടത്തിയാൽ മതിയാകും. ഭാവിയിൽ ഇത്തരം അപാകങ്ങൾ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

2.പരമ്പരാഗത നെൽകൃഷിക്കാരെ പ്രോത്സാഹിപ്പിക്കുന്നതിനും പുതിയ കർഷകരെ നെൽകൃഷിയിലേക്ക്

ആകർഷിക്കുന്നതിനും വേണ്ടി കർഷകർക്ക് കൃഷിസ്ഥലത്തിന്റെ വിസ്തൃതിക്ക് ആനുപാതികമായി കൂലിച്ചെലവ് സബ്സിഡി അനുവദിക്കുകയാണ് മേൽ സൂചിപ്പിച്ച പ്രൊജക്ട് B യുടെ ലക്ഷ്യം.

മേൽ പദ്ധതിക്കായി 3 ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടുണ്ട്. ഭൂവിസ്തൃതിക്ക് ആനുപാതികമായി ഹെക്ടറിന് പരമാവധി 25000/- രൂപയാണ് സബ്സിഡി. 250 സെന്റ് (1.011 Hr) സ്ഥലത്ത് പാട്ടത്തിന് കൃഷി ചെയ്ത ശ്രീ കെ.പി രാജേഷിനും 150 സെന്റ് (0.607hr) സ്ഥലത്ത് പാട്ടത്തിന് കൃഷി ചെയ്ത ശ്രീ ഗിരീഷ് കെ.എം നും യഥാക്രമം 25000/- രൂപ, 10000/- രൂപ മേൽ ബിൽ പ്രകാരം നല്കിയിട്ടുണ്ട്. പ്രസ്തുത കൃഷി ഭൂമിയുടെ കരമടച്ച രസീതുകൾ പരിശോധനക്കായി ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി (എൻക്വയറി നം. 3/5.08.23) നൽകിയപ്പോൾ പാട്ടകൃഷിയാണ് ടിയാളുകൾ ചെയ്യുന്നതെന്നും യഥാർത്ഥ ഉടമസ്ഥർ കരമടച്ച രസീത് തരുന്നതിന് വിസമ്മതിച്ചത് കാരണം രണ്ടു പേരും സാക്ഷ്യപ്പെടുത്തിയ സമ്മതപത്രം ഹാജരാക്കിയിട്ടുണ്ടെന്നും നിലവിലുള്ള കൃഷി വകുപ്പ് ഉത്തരവ് പ്രകാരം ആയത് സബ്സിഡി ആനുകൂല്യത്തിന് സമർപ്പിക്കാവുന്നതാണെന്നുമുള്ള മറുപടി ലഭ്യമാക്കി.
കരമടച്ച രസീത് സമർപ്പിക്കാതെ ഭൂവിസ്തൃതി സംബന്ധിച്ച വിവരം ലഭ്യമാകില്ല. ഭാവിയിൽ ഇത്തരം അനുബന്ധ രേഖകളുടെ അടിസ്ഥാനത്തിൽ സബ്സിഡി ആനുകൂല്യം നൽകുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-30 സി ഡി എസ് വിഭാഗത്തിന് കമ്പ്യൂട്ടർ വാങ്ങുന്നതിനായി ഗ്രാമപഞ്ചായത്ത് ഫണ്ട് ഉപയോഗപ്പെടുത്തി- 100000രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു.

| | |
|---|---|
| നിർവ്വഹണഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പ്രോജക്ട് നമ്പർ | 242/23 |
| പ്രോജക്ടിന്റെ പേര് | കുടുംബശ്രീ സി ഡി എസ്സിന് കമ്പ്യൂട്ടറും പ്രിന്ററും വാങ്ങൽ |
| അടങ്കൽ ₹113000 | ₹75000 വികസനഫണ്ട്<br>₹38000 തനത് ഫണ്ട് |
| ചെലവ് ₹100000 | ₹75000 , 11/18.03.2023 (ബിൽ നം/തീയതി)<br>₹25000, 22201180/21.03.23(വൗച്ചർ നമ്പർ തീയതി) |

മേൽ പ്രോജക്ടിന്റെ ഭാഗമായി കുടുംബശ്രീ സി ഡി എസ്സ് ഓഫീസിലേക്ക് ഒരു കമ്പ്യൂട്ടർ, പ്രിന്റർ, യു.പി.എസ് എന്നിവ വാങ്ങി നൽകിയിട്ടുണ്ട്. സി ഡി എസ് ഓഫീസിൽ അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന് ഗ്രാമപഞ്ചായത്ത് ഫണ്ട് ഉപയോഗപ്പെടുത്തിയതിന്റെ കാരണം വ്യക്തമാക്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി സി ഡി എസ് ചെയർപേഴ്സന്റെ അപേക്ഷയുടെ അടിസ്ഥാനത്തിലാണ് ഉപകരണങ്ങൾ വാങ്ങി നല്കിയതെന്ന് അറിയിക്കുകയുണ്ടായി. കുടുംബശ്രീ മിഷന്റെ ഭാഗമായി പ്രവർത്തിക്കുന്ന സി ഡി എസ് യൂനിറ്റിന് അടിസ്ഥാന സൗകര്യങ്ങൾ പ്രദാനം ചെയ്യേണ്ടത് കുടുംബശ്രീ മിഷന്റെ ചുമതലയായതിനാൽ മിഷനിലേക്ക് അപേക്ഷ സമർപ്പിക്കാതെ ഗ്രാമപഞ്ചായത്തിന് അപേക്ഷ നല്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഉപകരണങ്ങൾ വാങ്ങി നല്കുകയും ചെയ്തത് ശരിയായ നടപടിയല്ല. 100000രൂപയുടെ ചെലവ് തടസത്തിൽ വെക്കുന്നു. ചെലവിന് സർക്കാരിൽ നിന്ന് സാധൂകരണം വാങ്ങി തടസ്സം ഒഴിവാക്കേണ്ടതാണ്.

സി ഡി എസ് ഓഫീസിൽ അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനായി ഗ്രാമപഞ്ചായത്ത് ഫണ്ട് ഉപയോഗപ്പെടുത്തിയതിന്റെ അടിസ്ഥാനം വ്യക്തമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (32/10.08.2023) മറുപടിയായി സി.ഡി എസ്സിന്റെ പ്രവർത്തനങ്ങൾക്ക് ഓഫീസിലെ നിലവിലുള്ള ഉപകരണങ്ങൾ അപര്യാപ്തമായതിനാലാണ് സി ഡി എസ് ചെയർപേഴ്സൺ ഭരണസമിതിയോട് അപേക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കമ്പ്യൂട്ടർ,പ്രിന്റർ, യു.പി.എസ് എന്നിവ വാങ്ങി നൽകിയതെന്ന് അറിയിച്ചിട്ടുണ്ട്. സി ഡി എസ് ഓഫീസിലേക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ കുടുംബശ്രീ ജില്ലാ മിഷൻ മുഖേനയാണ് നല്കേണ്ടതെന്നതിനാൽ മറുപടി തൃപ്തികരമല്ല. സി.ഡി.എസിന് ഡിപ്പാർട്ട്മെന്റിൽ നിന്നും ഫണ്ട് ലഭ്യമാകുന്ന മുറക്ക് തുക ക്രമീകരിച്ച് അനുബന്ധ രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-31 വീട് വാസയോഗ്യമാക്കൽ (എസ് സി)-അനുബന്ധരേഖകൾ ലഭ്യമാക്കിയിട്ടില്ല- 2235860 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി ഇ ഒ ചിറക്കൽ |
| പ്രൊജക്റ്റ് നമ്പർ,പേര് | 123/23, വീട് വാസയോഗ്യമാക്കൽ (എസ് സി) |
| അടങ്കൽ ₹27,00,000 | 22,30,590 (വികസനഫണ്ട് എസ് സി പി)<br>1,50,000(ധനകാര്യകമ്മീഷൻ അവാർഡ്)<br>3,19,410(തനത് ഫണ്ട്) |
| ചെലവ് ₹22,35,860 | ₹20,10,860(വികസനഫണ്ട് എസ് സി പി)<br>₹1,50,000 (ധനകാര്യകമ്മീഷൻ അവാർഡ്)<br>₹75,000 (തനത് ഫണ്ട്) |
| ബിൽ നം തീയതി തുക | 147/9-11-22-₹375000<br>157/15-11-22-₹150000<br>161/25-11-22-₹375000<br>220/03-01-23-₹75000<br>235/07-01-23-₹75000<br>361/16-03-23-₹330000<br>439/28-03-23-₹310924<br>458/31-03-2023-₹319936<br>311/27-02-2023-₹150000<br>5113100902220067/28-03-23-₹75000 |

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സ.ഉ.(കൈ) നം. 115/2022/ത.സ്വ.ഭ.വ. പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിലെ 6.7.4 ഖണ്ഡിക പ്രകാരം പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് ഭവന പുനരുദ്ധാരണത്തിന് പരമാവധി ₹150000/- നൽകാവുന്നതാണ്. വീട് നിർമ്മിച്ച് കുറഞ്ഞത് 8 വർഷമെങ്കിലും കഴിഞ്ഞവർക്ക് മാത്രമേ ഈ ധനസഹായത്തിന് അർഹതയുള്ളൂവെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ 2022-23 വർഷം 15 ഗുണഭോക്താക്കൾക്ക് ഭവനപുനരുദ്ധാരണത്തിന് ധനസഹായം നൽകിയിട്ടുണ്ട്. 14 ഗുണഭോക്താക്കൾ വീടിന്റെ കാലപ്പഴക്കം സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ അസ്സസ്മെന്റ് രജിസ്റ്റർ പ്രകാരം മോഹിനി സി എച്ച് എന്ന ഗുണഭോക്താവിന്റെ വീട് നിർമ്മിച്ച് 6 വർഷം കഴിഞ്ഞതേയുള്ളൂ. രേഖകൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (37/10-08-2023) മറുപടി ലഭ്യമാക്കിയിട്ടില്ല.
ഗുണഭോക്താക്കളുടെ അർഹത തെളിയിക്കുന്ന രേഖകൾ പരിശോധനക്ക് ലഭ്യമാക്കാത്തതിനാൽ 2235860 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-32 സ്ത്രീ പദവി പഠനം -തുടർപ്രവർത്തനങ്ങളുടെ വിവരം ലഭ്യമാക്കേണ്ടതാണ്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥ | ഐ സി ഡി എസ് സൂപ്പർവൈസർ |
| പ്രോജക്റ്റ് നമ്പർ, പേര് | 102/23, സ്ത്രീ പദവി പഠന സർവ്വേ |
| അടങ്കൽ | ₹100000 വികസന ഫണ്ട് ജനറൽ |
| ചെലവ്, ബിൽ നമ്പർ, തീയതി | ₹21775, 392/22-23/ 27-03-23 |

സ്ത്രീ പദവി പഠന സർവ്വേ എന്ന പ്രൊജക്റ്റ് നിർവ്വഹണത്തിന്റെ ഭാഗമായി 20-03-2023, 21-03-2023 തീയതികളിൽ പരിശീലന ക്ലാസ് നടത്തുന്നതിനായി 21775 രൂപ ചെലവ് ചെയ്തിട്ടുണ്ട്.
ഗ്രാമ പഞ്ചായത്തിലെ സ്ത്രീകളുടെ അവസ്ഥയും സ്ഥിതിവിവര കണക്കും തയ്യാറാക്കി സ്ത്രീകളുടെ പദവി പഠനം നടത്തുന്നതിന് ആവശ്യമായ ഡാറ്റാ കളക്ഷന് വേണ്ടിയാണ് പ്രൊജക്റ്റ് തയ്യാറാക്കിയിട്ടുള്ളത്. ജി ആർ സി, അക്കാദമിക്ക് ഗ്രൂപ്പ്, പഠനതല ഗ്രൂപ്പ് എന്നിവരുടെ സംയുക്ത പ്രവർത്തനങ്ങളിലൂടേയും എന്യൂമറേറ്റേർസിനെ നിയമിച്ചും കിലയുടെ സഹായത്തോടുകൂടി ഡാറ്റ കളക്ഷൻ നടത്തലാണ് പദ്ധതി ലക്ഷ്യം. പദ്ധതിയുമായി ബന്ധപ്പെട്ട് വാർഡ് തലങ്ങളിൽ പരിശീലനം നടത്തേണ്ടവർക്കുള്ള പരിശീലനം നടത്തിയതിനാണ് തുക ചെലവഴിച്ചിട്ടുള്ളത്.

പദ്ധതിയുടെ തുടർ പ്രവർത്തന വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. സ്ത്രീകളുടെ പദവി പഠനം നടത്തി സ്ഥിതിവിവര കണക്ക് തയ്യാറാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (28/08-08-2023) പദ്ധതി ഈ വർഷവും തുടരുന്നുണ്ടെന്നാണ് മറുപടി നൽകിയിട്ടുള്ളത്. പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് സ്ത്രീകളുടെ പദവി പഠനം നടത്തി സ്ഥിതിവിവര കണക്ക് തയ്യാറാക്കിയതിന്റെ വിവരങ്ങളും പദ്ധതിയുടെ പൂർത്തീകരണപത്രവും മോണിറ്ററിംഗ് റിപ്പോർട്ടും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-33 വീട് വാസയോഗ്യമാക്കൽ (ജനറൽ)-അർഹത തെളിയിക്കുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല-46,00,000 രൂപയുടെ ചെലവ് തടസപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി ഇ ഒ, ചിറക്കൽ സർക്കിൾ |
| പ്രൊജക്ട് നമ്പർ, പേര് | 121/23, വീട് വാസയോഗ്യമാക്കൽ (ജനറൽ) |
| അടങ്കൽ ₹4600000 | ₹3282800 -വികസന ഫണ്ട് ജനറൽ<br>₹1317200-തനത് ഫണ്ട് |
| ചെലവ് | ₹46,00,000 |
| ബിൽ നം തീയതി തുക | 145/09-11-2022-₹550000<br>156/15-11-2022-₹800000<br>175/30-11-2022-₹550000<br>195/15-12-2022-₹400000<br>221/03-01-2023-₹400000<br>222/03-01-2023-₹50000<br>239/09-01-2023-₹50000<br>255/22-01-2023-₹350000<br>264/30-01-2023-₹100000<br>396/27-03-2023-₹32800<br>22201083/06-03-2023-₹350000<br>22201196/24-03-2023-₹900000<br>22201243/29-03-2023-₹67200 |

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സ.ഉ.(കൈ) നം. 115/2022/ത.സ്വ.ഭ.വ. പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിലെ 6.7.4 ഖണ്ഡിക പ്രകാരം പൊതുവിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് ഭവനപുനരുദ്ധാരണത്തിന് പരമാവധി ₹100000/- നൽകാവുന്നതാണ്. പുതിയ വീട് നിർമ്മിച്ച് കുറഞ്ഞത് 8 വർഷമെങ്കിലും കഴിഞ്ഞവർക്ക് മാത്രമേ ഈ ധനസഹായത്തിന് അർഹതയുള്ളുവെന്നും പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. പ്രൊജക്ട് ഫയൽ പരിശോധിച്ചതിൽ ഇപ്രകാരം 46 ഗുണഭോക്താക്കളുടേയും വീടിന്റെ കാലപ്പഴക്കം തെളിയിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. രേഖകൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണത്തിന് (39/10-08-2023) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ ലഭ്യമാക്കാത്തതിനാൽ 46,00,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഗുണഭോക്താക്കളുടെ അർഹത തെളിയിക്കുന്ന രേഖകൾ പരിശോധനക്ക് ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-34 ലൈഫ് ഭവന പദ്ധതി ജനറൽ-ഭവനനിർമ്മാണം പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

എ)

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി ഇ ഒ ചിറക്കൽ |
| പ്രൊജക്ട് നമ്പർ,പേര് | 124/23ലൈഫ് ഭവന പദ്ധതി ജനറൽ |

| | |
|---|---|
| അടങ്കൽ ₹40,00,0000 | 20,00,000(വികസനഫണ്ട്)<br>2,80,00,000(സംസ്ഥാനാവിഷ്കൃത വിഹിതം)<br>50,00,000(ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>50,00,000(ജില്ലാപഞ്ചായത്ത് വിഹിതം ) |
| ചെലവ് ₹5200000 | 2000000(വികസനഫണ്ട്)<br>3200000(ബ്ലോക്ക് പഞ്ചായത്ത് വിഹിതം) |
| ബിൽ നം തീയതി തുക | 16/13-01-23- 160000<br>20/01-02-23- 560000<br>24/06-02-23- 1120000<br>27/14-02-23- 800000<br>28/22-02-23- 240000<br>29/28-02-23-320000<br>33/18-03-23-1280000<br>37/30-03-23-520000<br>40/30-03-23- 200000 |

2022-23 വർഷംലൈഫ് ഭവന പദ്ധതിയുടെ ഭാഗമായി ഗ്രാമപഞ്ചായത്ത് 42 ഗുണഭോക്താക്കൾക്ക് ആനുകൂല്യം അനുവദിച്ചിട്ടുണ്ട്. പ്രസ്തുത ഗുണഭോക്താക്കളിൽ 19 ഗുണഭോക്താക്കൾ ഭവനം നിർമ്മാണം പൂർത്തീകരിച്ചതായും 23 ഗുണഭോക്താക്കൾ ഭവനനിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണെന്നും ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (30/09-08-2023) മറുപടിയായി അറിയിച്ചിട്ടുണ്ട്. 23 ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

ബി)

ചിറക്കൽ ഗ്രാമ പഞ്ചായത്തിലെ ലൈഫ് ഭവന നിർമാണ പദ്ധതി ആനുകൂല്യ വിതരണ രജിസ്റ്ററും ഫയലുകളും പരിശോധിച്ചതിൽ മുൻകാലങ്ങളിൽ ധനസഹായത്തിന്റെ ആദ്യഗഡു കൈപ്പറ്റിയ 1 ഗുണഭോക്താവ് ഭവന നിർമ്മാണം പൂർത്തീകരിക്കാൻ അവശേഷിക്കുന്നതായി കാണുന്നു.

| ക്രമനം | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക/ തീയതി |
|---|---|---|
| 1 | സീനത്ത് ബാനു | 40000/28-01-2020<br>160000/06-02-20 |

ഭവന നിർമാണം പൂർത്തീകരിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-35 ക്ഷീരകർഷകർക്ക് പാലിന് അധിക വില നല്കൽ- ഗുണഭോക്തൃ തെരഞ്ഞെടുപ്പിലെ അപാകങ്ങൾ

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ക്ഷീരവികസന ഓഫീസർ | |
| പ്രോജക്ട്നമ്പർ, പേര് | 205/23, ക്ഷീരകർഷകർക്ക് പാലിന് അധിക വില നല്കൽ | |
| അടങ്കൽ (₹3,00,000) | ₹1,00,000- വികസന ഫണ്ട്-ജനറൽ, ₹1,00,000 – ബ്ലോക്ക് പഞ്ചായത്ത് വിഹിതം, ₹1,00,000- ജില്ലാ പഞ്ചായത്ത് വിഹിതം | |
| ചെലവ് ₹1,47,478 | വൗച്ചർ നമ്പർ 1/22.12.22 | ₹26,176 |

| | |
|---|---|
| 2/22.12.22 | ₹26,176 |
| 3/22.12.22 | ₹26,176 |
| 4/02.02.23 | ₹45,214 |
| 5/30.03.23 | ₹18,000 |
| 6/30.03.23 | ₹5,216 |
| 7/30.03.23 | ₹520 |

1. ഗ്രാമപഞ്ചായത്ത് ഭരണസമിതി അംഗീകരിച്ച 27 പേരുടെ ലിസ്റ്റാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ ഹാജരാക്കിയത്. ഇതിൽ ശ്രീ ജോയ് പി സി, ശ്രീമതി സിന്ധു കെ പി എന്നിവർ സമർപ്പിച്ച അപേക്ഷകളിൽ ഒരേ മേൽവിലാസമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. (ചതയം, പനങ്കാവ്) വീട്ടു നമ്പറും ഒന്നു തന്നെയാണ് (13/341) . എന്നാൽ ഹാജരാക്കിയ റേഷൻ കാർഡുകൾ വ്യത്യസ്തമാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പേര് | റേഷൻ കാർഡ് നമ്പർ | റേഷൻ കാർഡിൽ രേഖപ്പെടുത്തിയ പഞ്ചായത്ത് | അപേക്ഷയിൽ രേഖപ്പെടുത്തിയ വിലാസം | നല്കിയ സബ്സിഡി (4/22 മുതൽ 3/23 വരെ) |
|---|---|---|---|---|
| പി.സി.ജോയ് | 2366029692 (വീട്ട് നമ്പർ 13/342,പി.സി. വിനോദ്) | ചിറക്കൽ | ചതയം, പനങ്കാവ് | ₹20205 |
| സിന്ധു.കെ.പി | 2366071939 (വീട്ട്നമ്പർ 2/302, പ്രേമജ) | എളയാവൂർ | ചതയം , പനങ്കാവ് | ₹12043 |

എളയാവൂർ ചിറക്കൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ ഉൾപ്പെടുന്നതല്ല.

2. പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ എന്നിവ സംബന്ധിച്ച മാർഗ്ഗരേഖ( സ ഉ (കൈ) നം 115/2022/തസ്വഭവ തീയതി 28.05.22) 6.3(9)ൽ ഒരു കുടുംബത്തിൽ ഒരു കർഷകന് മാത്രമേ ധനസഹായം നല്കാൻ പാടുള്ളൂ എന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. താമസിക്കുന്ന വീടിന്റേതല്ലാത്ത രണ്ട് റേഷൻ കാർഡുകൾ ഹാജരാക്കി ഒരേ വീട്ടിൽ താമസിക്കുന്ന രണ്ടു പേർ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടുന്നതിനുള്ള സാഹചര്യം ഉണ്ടാക്കുകയും ആനുകൂല്യം കൈപ്പറ്റുകയും ചെയ്തത് ഗുരുതരമായ അപാകമാണ്.
വ്യത്യസ്ത റേഷൻ കാർഡുകളിൽ ഉൾപ്പെടുന്നവരായതിനാലാണ് ആനുകൂല്യം നല്കിയതെന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുള്ളത്. എന്നാൽ രണ്ട് അപേക്ഷകരും ഒരേ വീട്ടിൽ താമസിക്കുന്നവരാണെന്ന് അപേക്ഷകളിൽ തന്നെ വ്യക്തമാക്കിയിട്ടുള്ളതിനാൽ മറുപടി തൃപ്തികരമല്ല. പ്രസ്തുത വീട്ടിൽ നിലവിൽ 7 കറവപ്പശുക്കളെയും 2 കിടാരികളെയുമാണ് പരിപാലിക്കുന്നതെന്നും സാമ്പത്തിക ബുദ്ധിമുട്ട് കാരണം 2 കറവപ്പശുക്കളെ മാത്രമാണ് ഇൻഷ്വർ ചെയ്തതെന്നുമാണ് ഇതുമായി ബന്ധപ്പെട്ടു നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം 6/05.08.23) മറുപടി നല്കിയത്.
സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ച് കൊണ്ടുമാത്രം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാൻ ശ്രദ്ധിക്കേണ്ടതാണ്. രണ്ടുപേർക്കും കൂടി നല്കിയ ആനുകൂല്യം നിശ്ചിത പരിധിക്കകത്തു തന്നെ വരുന്നതിനാലും ഗ്രാമപഞ്ചായത്ത് പരിധിയിൽ തന്നെയാണ് പശുക്കളെ പരിപാലിക്കുന്നത് എന്നതിനാലും ചെലവ് അംഗീകരിക്കുന്നു. ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതിലേക്ക് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-36 റിംഗ് കമ്പോസ്റ്റ് വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയില്ല.ചെലവ് തുക ₹2206298 തടസ്സപ്പെടുത്തുന്നു.

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, കാട്ടാമ്പള്ളി സർക്കിൾ | |
| പ്രോജക്ട് നമ്പർ, പേര് | 101/23, മാലിന്യസംസ്കരണത്തിന് റിംഗ് കമ്പോസ്റ്റ് | 04/23, റിംഗ് കമ്പോസ്റ്റ് |
| അടങ്കൽ | ₹1184200<br>₹747000 (കേന്ദ്രവിഹിതം)<br>₹ 27200- (തനത് ഫണ്ട്)<br>₹410000(ഗുണഭോക്തൃവിഹിതം) | ₹1768986<br>323000 (വികസനഫണ്ട്)<br>225000 (ധനകാര്യകമ്മീഷൻ അവാർഡ്)<br>444279 (കേന്ദ്രവിഹിതം)<br>602391 (തനത് ഫണ്ട്)<br>174316(ഗുണഭോക്തൃവിഹിതം) |
| ചെലവ് | ₹346160 (കേന്ദ്രവിഹിതം)<br>₹362440(ഗുണഭോക്തൃവിഹിതം) ആകെ ₹708600 | 323000 (വികസനഫണ്ട്)<br>225000 (ധനകാര്യകമ്മീഷൻ അവാർഡ്)<br>200000 (കേന്ദ്രവിഹിതം)<br>599809 (തനത് ഫണ്ട്)<br>149889 (ഗുണഭോക്തൃവിഹിതം)<br>ആകെ ₹1497698 |
| തുക, ബിൽ നമ്പർ, തീയതി | 1/30-06-2022-362440<br>2/30-06-2022-346160 | 3/13-12-2022-323000<br>6/07-01-2023-200000<br>7/07-01-2023-225000<br>10/31-01-2023-599809<br>16/23-03-203-149889 |

സൂര്യ ഡിസ്ട്രിബ്യൂട്ടേർസിൽ നിന്നും പ്രോജക്ട് നമ്പർ 101/23 ൽ ഇൻവോയ്സ് നമ്പർ 007/തീയതി 18-06-2022 പ്രകാരം 321 എണ്ണം റിംഗ് കമ്പോസ്റ്റുകൾ വാങ്ങിച്ചിട്ടുണ്ട്. ഹരിത റിംഗ് കമ്പോസ്റ്റ് ഇൻഡസ്ട്രീസിൽ നിന്നും പ്രോജക്ട് നമ്പർ 4/23 ൽ ഇൻവോയ്സ് നമ്പർ 58 തീയതി 30-11-2022 പ്രകാരം 146 എണ്ണം റിംഗ് കമ്പോസ്റ്റുകളും ഇൻവോയ്സ് നമ്പർ 63 തീയതി 04-01-2023 പ്രകാരം 531 എണ്ണം റിംഗ് കമ്പോസ്റ്റുകളും വാങ്ങിച്ചിട്ടുണ്ട്. പ്രസ്തുത പ്രൊജക്ടുകൾ പ്രകാരം വിതരണം ചെയ്ത റിംഗ് കമ്പോസ്റ്റുകൾ ഗുണഭോക്താക്കൾ കൈപ്പറ്റിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. അപാകങ്ങൾക്ക് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (38/10-08-2023) അടിസ്ഥാനത്തിൽ എൻക്വയറി പരാമർശിച്ച പ്രൊജക്ട് നമ്പർ 4/23 പ്രകാരമുള്ള ഇൻവോയ്സ് പരിശോധനക്ക് ലഭ്യമാക്കിയിട്ടുണ്ടെങ്കിലും റിംഗ് കമ്പോസ്റ്റുകൾ ഗുണഭോക്താക്കൾ കൈപ്പറ്റിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല. റിംഗ് കമ്പോസ്റ്റുകൾ ഗുണഭോക്താക്കൾ കൈപ്പറ്റിയതിന്റെ രേഖകൾ ലഭ്യമാക്കാത്തതിനാൽ ₹2206298 (708600+1497698) യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഗുണഭോക്താക്കളിൽ നിന്നുമുള്ള കൈപ്പറ്റ് രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-37 മാലിന്യസംസ്കരണം -അവലോകനം

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 166-ാം വകുപ്പ് ഒന്നാം ഉപവകുപ്പ് പട്ടിക മൂന്ന് പ്രകാരം തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലകളിൽ മാലിന്യ സംസ്കരണവും കുടിവെള്ള സ്രോതസ്സുകളുടെ സംരക്ഷണവും ഉൾപ്പെട്ടിട്ടുള്ളതാണ്. ചിറക്കൽ ഗ്രാമ പഞ്ചായത്തിൽ മാലിന്യ സംസ്കരണത്തിന് വിവിധ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നുണ്ട്.

എ) അജൈവമാലിന്യം

ഗാർഹിക, ഗാർഹികേതര കെട്ടിടങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, മാർക്കറ്റുകൾ, ഹോട്ടലുകൾ, ആരാധനയാലങ്ങൾ, ആതുരാലയങ്ങൾ, മറ്റുള്ളവ എന്നിവ വഴി ഉണ്ടാകുന്ന ജൈവ-അജൈവ മാലിന്യങ്ങൾ ഹരിത കർമ്മസേന മുഖേന കലക്ഷൻ കലണ്ടർ പ്രകാരം ഓരോ മാസവും ഓരോ ഇനം എന്ന രീതിയിൽ ശേഖരിച്ച് റിസൈക്ലിംഗ് കേന്ദ്രത്തിലേക്ക്

മാറ്റുന്നു. ജൈവമാലിന്യങ്ങൾ പഞ്ചായത്ത് വിതരണം ചെയ്തിട്ടുള്ള റിംഗ് കമ്പോസ്റ്റുകൾ വഴി വീടുകളിൽ തന്നെ സംസ്കരിക്കുന്നു. പുതിയതെരു മാർക്കറ്റിൽ സ്ഥാപിച്ച തുമ്പൂർമൊഴി മോഡൽ ജൈവമാലിന്യ സംസ്കരണ സംവിധാനം വഴി മാർക്കറ്റ് പരിസരത്തുള്ള മാലിന്യങ്ങൾ ശേഖരിച്ച് സംസ്കരിക്കുന്നു. ഓരോ വാർഡിലും മിനി എം സി എഫ് സ്ഥാപിച്ചിട്ടുണ്ട്. വീടുകളിൽ നിന്നും ശേഖരിക്കുന്ന അജൈവമാലിന്യങ്ങൾ ആദ്യം മിനി എം സി എഫ് കേന്ദ്രത്തിലും അവിടെ നിന്നും സംസ്കരണ കേന്ദ്രത്തിലേക്കും കൊണ്ടുപോകുന്നു. പഞ്ചായത്തിലെ മാലിന്യശേഖരണം, മാലിന്യസംസ്കരണം എന്നിവയെല്ലാം ചെയ്യുന്നത് നിർമ്മൽ ഭാരത് ചാരിറ്റബിൾ ട്രസ്റ്റാണ്. നെല്ലിക്ക എന്ന ആപ്പ് ഉപയോഗിച്ചാണ് ഇവർ ഹരിത കർമ്മസേനയുടെ പ്രവർത്തനം മോണിറ്റർ ചെയ്യുന്നത്. വീടുകളിൽ നിന്നും ശേഖരിക്കുന്ന അജൈവമാലിന്യങ്ങൾ മേൽ സ്ഥാപനം നേരിട്ട് അവരുടെ റിസൈക്ലിംഗ് യൂണിറ്റിലേക്ക് കയറ്റികൊണ്ടുപോകുന്നു. മാലിന്യങ്ങൾ കൊണ്ടുപോകുന്നതിന് പ്രവർത്തനകലണ്ടർ തയ്യാറാക്കിയിട്ടുണ്ട്. മാലിന്യസംസ്കരണ പ്ലാന്റിനായി നീരൊഴുക്കും ചാലിൽ വാങ്ങിയ സ്ഥലത്ത് മാലിന്യസംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിന് ഗ്രാമപഞ്ചായത്ത് 2023-24 പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. 2022-23 വർഷം ഗ്രാമപഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ 26 ബോട്ടിൽ ബൂത്തുകൾ സ്ഥാപിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ ഇ വേസ്റ്റ് നിർമ്മൽ ഭാരത് ചാരിറ്റബിൾ ട്രസ്റ്റ് യഥാസമയം നീക്കം ചെയ്തുവരുന്നുണ്ട്.

(ബി) ജൈവമാലിന്യം

ഗാർഹിക - ഉറവിട സംസ്കരണ രീതികൾ ഫലപ്രദമാക്കുന്നതിന് ഗ്രാമപഞ്ചായത്ത് ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനായി റിംഗ് കമ്പോസ്റ്റുകൾ, കമ്പോസ്റ്റ് പിറ്റുകൾ, ബയോഗ്യാസ് പ്ലാന്റ് എന്നിവ വിതരണം ചെയ്തിട്ടുണ്ട്.

ഉറവിട മാലിന്യ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് 2017-18 മുതൽ അനുവദിച്ച മാലിന്യ സംസ്കരണ ഉപാധികളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| വർഷം | ഇനം | എണ്ണം | തുക |
|---|---|---|---|
| 2017-18 | പൈപ്പ് കമ്പോസ്റ്റ് | 1096 | 986800 |
| 2018-19 | റിംഗ് കമ്പോസ്റ്റ് | 220 | 552058 |
| 2019-20 | റിംഗ് കമ്പോസ്റ്റ് | 175 | 437500 |
| 2020-21 | റിംഗ് കമ്പോസ്റ്റ് | 250 | 625000 |
| 2021-22 | റിംഗ് കമ്പോസ്റ്റ് | 1167 | 2915800 |
| 2021-22 | റിംഗ് കമ്പോസ്റ്റ് | 150 | 375000 |
| 2022-23 | റിംഗ് കമ്പോസ്റ്റ് | 998 | 2206298 |

സി) ജല സമൃദ്ധ ഗ്രാമം

ശുദ്ധജല സ്രോതസ്സുകൾ സംരക്ഷിക്കുന്നതിന് പഞ്ചായത്ത് 242 കിണറുകൾ റീചാർജ് ചെയ്തിട്ടുണ്ട്. തരിശു ഭൂമി കൃഷി യോഗ്യമാക്കാൻ ദേശീയ തൊഴിലുറപ്പ് പദ്ധതി മുഖേന പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്.

വേസ്റ്റ് മാനേജ്മെന്റ് ഫലപ്രദമായി നടപ്പാക്കുന്നതിനായി ഗ്രാമപഞ്ചായത്തു തലത്തിൽ ബൈലോകൾ തയ്യാറാക്കിയിട്ടുണ്ട്.
പഞ്ചായത്തിലെ വേസ്റ്റ് മാനേജ്മെന്റുമായി ബന്ധപ്പെട്ട് അസിസ്റ്റന്റ് സെക്രട്ടറി, ഹെൽത്ത് ഇൻസ്പെക്ടർ, വി ഇ ഒ എന്നിവരടങ്ങിയ കമ്മിറ്റി എല്ലാമാസവും ഹരിതസേനയുടെ പ്രവർത്തനം അവലോകനം നടത്തിവരുന്നുണ്ട്.

## 1-38 അങ്കണവാടി ഭൗതിക വികസനം-അവലോകനം

ഗ്രാമപഞ്ചായതിലെ 23 വാർഡുകളിലായി 43 അങ്കണവാടികളാണ് പ്രവർത്തിച്ച് വരുന്നത്. ഇതിൽ സ്വന്തമായുള്ള കെട്ടിടത്തിൽ പ്രവർത്തിക്കുന്നത് 22 എണ്ണം മാത്രമാണ്. 14 എണ്ണം വാടക കെട്ടിടത്തിലും 5 എണ്ണം സ്കൂളിലും 2 എണ്ണം കമ്മ്യൂണിറ്റി കെട്ടിടത്തിലും പ്രവർത്തിക്കുന്നു.നിലവിൽ ഒരു അങ്കണവാടിക്കാണ് ഗ്രാമപഞ്ചായത്ത് പ്രതിമാസം 4000/-രൂപ വാടക നൽകി വരുന്നത്. 2022-2023 വർഷം ഫിറ്റ്നസ് ലഭിച്ച അങ്കണവാടി കെട്ടിടങ്ങൾക്ക് ശിശുവികസന വകുപ്പിൽ നിന്നും പ്രതിമാസം 1000/-രൂപ വാടക ഇനത്തിൽ ലഭിച്ചിട്ടുണ്ട്. എല്ലാ അങ്കണവാടികൾക്കും കുടിവെള്ള സൌകര്യം ഉണ്ട്. CNO 58 കാഞ്ഞിരതറ അങ്കണവാടി, CNO 53 മന്ന അങ്കണവാടി NO 62 ഓണേറമ്പ്ര അങ്കണവാടി എന്നിവിടങ്ങളിൽ ബേബി ഫ്രണ്ട് ലി ടോയ് ലറ്റുകളുണ്ട്. 30 അങ്കണവാടികൾക്ക് ചുറ്റുമതിൽ സൗകര്യമുണ്ട്. എല്ലാ അങ്കണവാടികൾക്കും സ്വന്തമായി സ്ഥലവും കെട്ടിടവും ലഭ്യമാക്കുന്നതിനായി തദ്ദേശ സ്ഥാപനങ്ങൾ പ്രവർത്തിക്കേണ്ടതാണെന്ന് പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ [സർക്കാർ ഉത്തരവ് (കൈ) നം.84/22 തീയതി 19.04.2022] ഖണ്ഡിക നം.8.8.2(1&2) സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായും വനിതാ ശിശുവികസന വകുപ്പുമായും സഹകരിച്ച് പ്രവർത്തിക്കണമെന്നും, ബ്ലോക്ക്, ജില്ലാ

പഞ്ചായത്തുകൾക്ക് ഗ്രാമപ്പഞ്ചായത്തിന്റെ സമ്മതത്തോടെ പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണെന്നും പ്രസ്തുത മാർഗ്ഗരേഖയിൽ പറഞ്ഞിട്ടുണ്ട്. കൂടാതെ അങ്കണവാടികളുടെ നിർമ്മാണത്തിനായി തൊഴിലുറപ്പ് പദ്ധതിയിൽനിന്ന് അഞ്ചു ലക്ഷം രൂപയും വനിതാ ശിശുവികസന വകുപ്പിൽനിന്ന് രണ്ടു ലക്ഷം രൂപയും ചെലവഴിക്കാവുന്നതാണെന്ന് ഖണ്ഡിക നം.3.5.6എ.8 ലും പറഞ്ഞിട്ടുണ്ട്. മേൽ നിർദ്ദേശങ്ങൾ പാലിച്ച്, എല്ലാ അങ്കണവാടികൾക്കും സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ക്രിയാത്മകമായ ഇടപെടൽ ഉണ്ടാകേണ്ടതാണ്.

## 1-39 പൊളിച്ചു മാറ്റിയ സാധനങ്ങളിൽ ഉപയോഗയോഗ്യമായവ സംബന്ധിച്ച റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല

A.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി. എഞ്ചിനീയർ, ചിറക്കൽ ഗ്രാമ പഞ്ചായത്ത് |
| പ്രോജക്ട് നമ്പർ, പേര് | 56/23 (സ്പിൽ ഓവർ) പുഞ്ചവയൽ തോട് സംരക്ഷണ ഭിത്തി നിർമ്മാണം |
| അടങ്കൽ ₹15,00,000 | 10,00,000/ (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)<br>5,00,000 ( വികസന ഫണ്ട്- ജനറൽ) |
| ചെലവ് ₹12,24,990 | ₹500000/- ( വികസന ഫണ്ട്- ജനറൽ)<br>ബിൽ നമ്പർ 152/5.11.22<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം ₹724990/ബിൽ നമ്പർ 166/11.11.22 |
| കരാറുകാരൻ | ശ്രീ.മുഹമ്മദ് അഷ്റഫ് സി പി |

പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ടു താഴെ പറയുന്ന പ്രവൃത്തികൾ നടന്നിട്ടുണ്ട്

1)എം ബുക്ക് പേജ് നം. 1 ഇനം നം. 1 ആയി Dismantling Of Existing Surface Like Culverts, Bridges Etc... എന്നത് 1.13 M3 അളവിൽ ചെയ്തിട്ടുണ്ട്. ഇതിൽ ഉപയോഗപ്രദമായവ വേർതിരിക്കുകയോ സ്റ്റേക്ക് ചെയ്യുകയോ ചെയ്തതായി കാണുന്നില്ല. പൊളിച്ചുമാറ്റിയ വസ്തുക്കൾ എന്ത് ചെയ്തു എന്ന് വ്യക്തമല്ല .

2)എം ബുക്ക് പേജ് നം. 2 ഇനം നം. 2 ആയി Dismantling Of Existing Surface Like Culverts, Bridges Etc... എന്നത് 12.2 M3 ചെയ്തിട്ടുണ്ട്. ഇതിൽ ഉപയോഗപ്രദമായവ വേർതിരിക്കുകയോ സ്റ്റേക്ക് ചെയ്യുകയോ ചെയ്തതായി കാണുന്നില്ല. പൊളിച്ചുമാറ്റിയ വസ്തുക്കൾ എന്ത് ചെയ്തു എന്ന് വ്യക്തമല്ല.

B.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി. എഞ്ചിനീയർ, ചിറക്കൽ ഗ്രാമ പഞ്ചായത്ത് |
| പ്രോജക്ട് നമ്പർ, പേര് | 61/23 (സ്പിൽ ഓവർ) വള്ളുവക്കണ്ടി റോഡ് മുതൽ കട്ടയാട്ട് റോഡ് വരെ ടാറിങ് |
| അടങ്കൽ 271000/- | 221000/ (ധനകാര്യ കമ്മീഷൻ അവാർഡ്)<br>50000/- (തനത് ഫണ്ട്) |
| ചെലവ് ₹254154/- | ബിൽ നമ്പർ 27/15/6/22 – 221000/-<br>ബിൽ നമ്പർ 28/ 15/6/22 - 33154/-<br>എം ബുക്ക് നമ്പർ 69/21-22 |

| | |
|---|---|
| കരാറുകാരൻ | ശ്രീ മഹേന്ദ്രൻ കെ |

പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ടു താഴെ പറയുന്ന പ്രവൃത്തി നടന്നിട്ടുണ്ട്.

1)എം ബുക്ക് പേജ് നം. 1 ഇനം നം.1.02 ആയി Dismantling Of Existing Structures Like Culverts Bridges, Retaining Walls, And Other Structures ..... 3.08 M3 ചെയ്തിട്ടുണ്ട്. ഇത്, ഉപയോഗപ്രദമാണെന്നോ, സ്റ്റോക്ക് ചെയ്തിരുന്നോ, വില്പന യോഗ്യമായവ ലേലം ചെയ്തിരുന്നോ എന്നീ വിവരങ്ങൾ ഒന്നും ഫയലിൽ ലഭ്യമല്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി നമ്പർ 29/10.08.23 ന് മറുപടി ലഭ്യമാക്കിയിട്ടില്ല

പൊളിച്ച മാറ്റിയ സാധനങ്ങൾ സംബന്ധിച്ച സർവ്വേ റിപ്പോർട്ട്, തുടർനടപടികൾ സംബന്ധിച്ച വിവരങ്ങൾ എന്നിവ ലഭ്യമാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-40 സൈറ്റിൽ നിന്ന് മുറിച്ചു മാറ്റിയ മരത്തിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടത്

| | |
|---|---|
| നിർവ്വഹണഉദ്യോഗസ്ഥൻ | അസി. എഞ്ചിനീയർ |
| പ്രോജക്ട് നമ്പർ, പേര് | 286/22 (സ്പിൽ ഓവർ) സബ് സെന്റർ പുനരുദ്ധാരണം (ഓണപ്പറമ്പ്) |
| അടങ്കൽ | ₹600000 സംരക്ഷണ ഗ്രാന്റ് – റോഡിതരം |
| ചെലവ് ₹388404/- | ബിൽ നമ്പർ തീയതി 17/18.11.22<br>എം ബുക്ക് നമ്പർ 75/ 22(1) |
| കരാറുകാരൻ | ശ്രീ രഞ്ജിത്ത് പി.വി |

പ്രസ്തുത പദ്ധതിയുടെ ഭാഗമായി താഴെ പറയുന്ന ഇനവും ചെയ്തിട്ടുണ്ട്.

എം ബുക്ക് പേജ് നം. 1 ൽ Felling Of Trees Of Girth Measured At A Height Of 1m Above – 1 No. ചെയ്തിട്ടുണ്ട്. ഇത് ഏതു മരമാണെന്നോ, ഉപയോഗപ്രദമാണെന്നോ, സ്റ്റാക്ക് ചെയ്തിരുന്നോ, ലേലം ചെയ്തിരുന്നോ എന്നീ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല.

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണം നമ്പർ 45/11.08.2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വിവരങ്ങൾ ലഭ്യമാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-41 പൂർത്തീകരിക്കാത്ത പദ്ധതികൾ - ₹5,58,747 തടസ്സത്തിൽ വെക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ സെക്രട്ടറി

താഴെ പറയുന്ന പദ്ധതികളുടെ ഭാഗമായി വിവിധ ഏജൻസികൾക്ക് നല്കിയ തുക വിനിയോഗിച്ചിട്ടില്ല.

| ക്രമ നം | പ്രോജക്ട് നമ്പർ, പേര് | നല്കിയ തുക | കൈപ്പറ്റിയ സ്ഥാപനം | ബിൽ നമ്പർ തീയതി |
|---|---|---|---|---|
| 1 | 194/23,വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈറ്റ് ലൈൻ വലിക്കൽ | 1,94,747 (വികസന ഫണ്ട് , ജനറൽ) | കെ എസ് ഇ ബി | 101/24.09.22 |
| 2 | 269/23,സ്മാർട്ട് ഐ ഫേസ് 1 | 1,77,000 (തനത് ഫണ്ട്) | കണ്ണൂർ ജില്ലാ പഞ്ചായത്ത് | ചെക്ക് നമ്പർ 6110539 , Dt. 18-03-2023 |
| 3 | 253/23,എ ബി സി പദ്ധതി പഞ്ചായത്ത് വിഹിതം നല്കൽ | 75,000 (തനത് ഫണ്ട്) | കണ്ണൂർ ജില്ലാ പഞ്ചായത്ത് | ചെക്ക് നമ്പർ 6110528 , Dt. 04-02-2023 |
| 4 | 213/23,പൊതു ടാപ്പുകൾ ഒഴിവാക്കുന്നത് – തുക ഒടുക്കൽ | 1,12,000(സംരക്ഷണ ഗ്രാന്റ് റോഡിതരം) | കേരള വാട്ടർ അതോറിറ്റി | 119/15.10.22 |
| | ആകെ | ₹5,58,747 | | |

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണം നമ്പർ 21/08.08.2023ന് മറുപടിയായി വിനിയോഗ സാക്ഷ്യപത്രങ്ങൾ

ലഭ്യമാകുന്ന മുറക്ക് ഹാജരാക്കുന്നതാണ് എന്നാണ് അറിയിച്ചത്. വിനിയോഗ രേഖകൾ ലഭ്യമായിട്ടില്ലാത്തതിനാൽ ₹5,58,747 യുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 04.08.23, 05.08.23 | കെ.എസ്.എ/കെ.എൻ.ആർ/സി.5 /1326/2023 തീയതി: 25.09.2023 |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ലാപ്സായ തുക |
|---|---|---|---|---|---|
| കണ്ണൂർ ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 8,33,280 | ലൈഫ് ഭവന പദ്ധതി, എസ് സി , 130/23 | 8,33,280 | 0 |
| | | 32,00,000 | ലൈഫ് ഭവന പദ്ധതി, ജനറൽ , 124/23 | 32,00,000 | 0 |
| | | 7,50,000 | ഭിന്നശേഷിയുള്ളവിദ്യാർത്ഥികൾ ക്ക് സ്കോളർഷിപ്പ് , 111/23 | 7,50,000 | 0 |
| | | 31,912 | ക്ഷീരകർഷകർക്ക് പാലിന് അധിക വില നല്കൽ,205/23 | 31,912 | 0 |
| | | 7,24,980 | പുഞ്ചവയൽ തോട് സംരക്ഷണം, 56/23 | 7,24,980 | 0 |
| | ആകെ | 55,40,172 | | 55,40,172 | 0 |
| കണ്ണൂർ ജില്ലാ പഞ്ചായത്ത് | 2022-23 | 7,40,000 | ലൈഫ് ഭവന പദ്ധതി, എസ് സി , 130/23 | 7,40,000 | 0 |
| | | 1,26,466 | ലൈഫ് ഭവന പദ്ധതി, എസ് സി , 90/23 | 1,26,466 | 0 |
| | | 2,50,000 | ഭിന്നശേഷിയുള്ളവിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് , 111/23 | 2,50,000 | 0 |
| | | 26,176 | ക്ഷീരകർഷകർക്ക് പാലിന് അധിക വില നല്കൽ,205/23 | 26,176 | 0 |
| | ആകെ | 11,42,642 | | 11,42,642 | |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| വർഷം | നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര്, പ്രോജക്ട് നമ്പർ | ബില്ല് / വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|---|
| 2022-23 | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈറ്റ് ലൈൻ വലിക്കൽ,194/23 | 01/24.09.22 (എ സി ആർ പ്രകാരം) | 194747 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല |
| 2022-23 | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | വിവിധ വാർഡുകളിൽ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ,195/23 | 251200001/ 13.03.23 | 39,955 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല |
| 2022-23 | കേരള വാട്ടർ അതോറിറ്റി | പൊതു ടാപ്പുകൾ ഒഴിവാക്കുന്നതിന് തുക ഒടുക്കൽ,213/23 | 119/15.10.22 (എ സി ആർ പ്രകാരം) | 1,12,000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ /വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

ഗ്രാമപഞ്ചായത്ത് വായ്പയെടുത്തിട്ടില്ലെങ്കിലും വികസന ഫണ്ട് - എസ് സി പി വിഹിതത്തിൽ നിന്നും 5,16,140 രൂപ കുറവു വരുത്തിയാണ് അനുവദിച്ചിട്ടുള്ളത്. ആയത് ജി ഒ പ്രോജക്ടായി ഉൾപ്പെടുത്തി വരവിലും ചെലവിലും കാണിച്ചിട്ടുണ്ട്. തെറ്റായി കുറവു ചെയ്ത തുക ക്രമീകരിച്ച് കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഗ്രാമപഞ്ചായത്തിന് 31.03.2023 തീയതിയിൽ 2,67,50,000 രൂപയുടെ സ്ഥിരനിക്ഷേപങ്ങളും 20000രൂപയുടെ ഷെയർ സർട്ടിഫിക്കറ്റും ഉണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപങ്ങൾ/ ഷെയർ വാല്യൂ | 2,50,20,000 |
| ഓഡിറ്റ് വർഷം നിക്ഷേപിച്ച തുക (പലിശ) | 17,50,000 |
| ആകെ | 2,67,70,000 |
| ഓഡിറ്റ് വർഷം പിൻവലിച്ച തുക | 0 |
| *31.03.23* തീയതിയിൽ അവശേഷിക്കുന്ന തുക | 2,67,70,000 |

വർഷാവസാനം അവശേഷിക്കുന്ന നിക്ഷേപങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു .

| ക്രമനമ്പർ | ഡെപ്പോസിറ്റ്/ഷെയർ സർട്ടിഫിക്കറ്റ് വിവരങ്ങൾ | സ്ഥാപനം | തുക ₹ | റിമാർക്സ് |
|---|---|---|---|---|
| 1 | എഫ്.ഡി.നമ്പർ 38318,തീയതി15.03.22 (15.03.23 തീയതിയിൽ പുതുക്കി) | ചിറക്കൽ സർവ്വീസ് സഹകരണബാങ്ക് | 2,67,50,000 | പലിശ നിരക്ക് 8.25% കാലാവധി 1വർഷം(22.03.24വരെ) |

| | | | | |
|---|---|---|---|---|
| 2 | ഷെയർ സർട്ടിഫിക്കറ്റ് നമ്പർ 194 ,മെമ്പർ നമ്പർ 45 തീയതി 18.10.2004 ,10000രൂപയുടെ രണ്ട് ബിക്ലാസ് ഷെയറുകൾ | മലബാർ ടൂറിസം ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് | 20000 | |
| | | | ₹2,67,70,000 | |

## 4-7 ഓഡിറ്റ് റിക്കവറി

2022-23 സാമ്പത്തിക വർഷം ഓഡിറ്റ് റിക്കവറി ഇനത്തിൽ ഈടാക്കിയ ₹1,20,001 യുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഭാഗം,ഖണ്ഡിക നമ്പർ | തുക | ഒടുക്കിയ വ്യക്തിയുടെ വിവരങ്ങൾ | രശീതി നമ്പർ,തീയ്യതി |
|---|---|---|---|---|
| 2019-20 | 1-16 | 4,000 | ശ്രീ.മുഹമ്മദ് കുഞ്ഞി | 1220401046/28.02.23 |
| 2020-21 | 2-1 | 4,000 | ശ്രീ.സനവർ.എ | 1220111077/20.02.23 |
| 2021-22 | 1-33 | 1,12,001 | അസിസ്റ്റന്റ് എഞ്ചിനീയർ | 1220111667/08.03.23 |
| | ആകെ | ₹1,20,001 | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | 32 | 2003-04 | 3.13.17 | മറ്റു പരാമർശങ്ങൾ ഒറ്റ നോട്ടത്തിൽ | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2000-01 | 7 | 2004-05 | 03.13.1.5 | ഷോപ്പിംഗ് സെന്റർ ബാദ്ധ്യതയാകുന്നു | ,, |
| 2014-15 | 2-1 | 2016-17 | I | തൊഴിൽ നികുതി | ,, |
| 2015-16 | 2-1, 2-6 | 2016-17 | I | ,, | ,, |

## 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(*) | : 7,08,70,595 |

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ്(*) | : | 4,83,59,285 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ₹1,04,83,189 |

(*)റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവുകൾ. ഇതിൽ വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ്, സാമൂഹ്യസുരക്ഷാപെൻഷൻ, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഗ്രാന്റ് എന്നിവ ഉൾപ്പെടുന്നില്ല.

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21 | 1,10,000 | ശ്രീ. ടി.ഷിബു കരുൺ, സെക്രട്ടറി |
| 1-23 | 60,000 | ശ്രീ. ടി.ഷിബു കരുൺ, സെക്രട്ടറി |
| 1-25 | 1,00,000 | ഡോ.ജീജ സി, മെഡിക്കൽ ഓഫീസർ, ആയുർവേദ |
| 1-27 | 4,74,284 | ഡോ.ഹഫ്സിസ മുഹമ്മദ്, മെഡിക്കൽ ഓഫീസർ പിഎച്ച്സി |
| 1-28 | 38,000 | ഡോ.ഹഫ്സിസ മുഹമ്മദ്, മെഡിക്കൽ ഓഫീസർ പിഎച്ച്സി |
| 1-30 | 1,00,000 | ശ്രീ.വി.എ ജോർജ്ജ്, അസിസ്റ്റന്റ് സെക്രട്ടറി |
| 1-31 | 22,35,860 | ശ്രീമതി. ബബിത കെ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ചിറക്കൽ |
| 1-33 | 46,00,000 | ശ്രീമതി. ബബിത കെ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ചിറക്കൽ |
| 1-36 | 22,06,298 | ശ്രീമതി.സന്ധ്യ വി.സി, വി ഇ ഒ, കാട്ടാമ്പള്ളി |
| 1-41 | 5,58,747 | ശ്രീ.ടി.ഷിബുകരുൺ, സെക്രട്ടറി |
| ആകെ തുക | ₹1,04,83,189 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.ബബിത. കെ, വില്ലേജ് എക്ററൻഷൻ ഓഫീസർ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ,<br>ചിറക്കൽ ഗ്രാമ പഞ്ചായത്ത് | ദിനേഷ് നിവാസ് പി.ഒ, മോറാഴ |

| | | |
|---|---|---|
| ഡോ.ഹഫ്സിസ മുഹമ്മദ്, മെഡിക്കൽ ഓഫീസർ, പി എച്ച് സി | മെഡിക്കൽ ഓഫീസർ പി എച്ച് സി<br>ചിറക്കൽ ഗ്രാമ പഞ്ചായത്ത് | അൽ ഫലാഹ്,<br>കുഞ്ഞിപ്പള്ളി,<br>പുഴാതി.പി.ഒ,<br>കക്കാട് |
| ശ്രീ.ടി.ഷിബു കരുൺ, സെക്രട്ടറി | സെക്രട്ടറി,<br>ചിറക്കൽ ഗ്രാമ പഞ്ചായത്ത് | കരുണാകര,<br>കോഴിബസാർ,<br>മാടായി |
| ഡോ.ജീജ സി, മെഡിക്കൽ ഓഫീസർ ആയുർവേദം | മെഡിക്കൽ ഓഫീസർ ആയുർവേദം, ചിറക്കൽ ഗ്രാമ പഞ്ചായത്ത് | ശ്രീരംഗ്, നിയർ തളാപ്പ് ടെമ്പിൾ, പള്ളിക്കുന്ന് |
| ശ്രീ.വി എ ജോർജ്ജ്, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി,<br>ചിറക്കൽ ഗ്രാമ പഞ്ചായത്ത് | വേലിക്കകത്ത് ഹൗസ്, വലിയന്നൂർ -പി ഒ,വാരം |
| ശ്രീമതി.സന്ധ്യ വി സി, വി ഇ ഒ , കാട്ടാമ്പള്ളി | വി ഇ ഒ | വണ്ടിച്ചാലിൽ ഹൗസ്, പി ഒ മുഴപ്പിലങ്ങാട് |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | നം.കെ.എസ്.എ/കെ.എൻ.ആർ/സി5/ 1413/22 തീയതി 12-10-22 | 01 |
| 1999-00 | നം.കെ.എസ്.എ/കെ.എൻ.ആർ/സി5/ 1413/22 തീയതി 12-10-22 | 02 |
| 2000-01(തനത്) | നം.കെ.എസ്.എ/കെ.എൻ.ആർ/സി5/ 1413/22 തീയതി 12-10-22 | 01 |
| 2002-03 | നം.കെ.എസ്.എ/കെ.എൻ.ആർ/സി5/ 1413/22 തീയതി 12-10-22 | 01 |
| 2005-06 | നം.കെ.എസ്.എ/കെ.എൻ.ആർ/സി5/ 1413/22 തീയതി 12-10-22 | 01 |
| 2006-07 | നം.കെ.എസ്.എ/കെ.എൻ.ആർ/സി5/ 1413/22 തീയതി 12-10-22 | 02 |
| 2007-08 | നം.കെ.എസ്.എ/കെ.എൻ.ആർ/സി5/ 1413/22 തീയതി 12-10-22 | 02 |
| 2008-09 മുതൽ 2010-11വരെ | നം.കെ.എസ്.എ/കെ.എൻ.ആർ/സി5/ 1413/22 തീയതി 12-10-22 | 01 |
| 2013-14 മുതൽ 2014-15 വരെ | നം.കെ.എസ്.എ/കെ.എൻ.ആർ/സി5/ 1413/22 തീയതി 12-10-22 | 03 |
| 2015-16 | നം.കെ.എസ്.എ/കെ.എൻ.ആർ/സി5/ 1413/22 തീയതി 12-10-22 | 02 |
| 2016-17 | നം.കെ.എസ്.എ/കെ.എൻ.ആർ/സി5/ 1413/22 തീയതി 12-10-22 | 05 |
| 2017-18 | നം.കെ.എസ്.എ/കെ.എൻ.ആർ/സി5/ 1413/22 തീയതി 12-10-22 | 08 |
| 2018-19 | നം.കെ.എസ്.എ/കെ.എൻ.ആർ/സി5/ | 04 |

| | | |
|---|---|---|
| | 1413/22 തീയതി 12-10-22 | |
| 2019-20 | നം.കെ.എസ്.എ/കെ.എൻ.ആർ/സി5/ 666/22 തീയതി 23.03.23 | 33 |
| 2020-21 | നം.കെ.എസ്.എ/കെ.എൻ.ആർ/സി5/ 667/22 തീയതി 23.03.23 | 44 |
| 2021-22 | നം.കെ.എസ്.എ/കെ.എൻ.ആർ /സി5/127/23 തീയതി 29.03.23 | 27 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

# Annexure 1

# Audit Certificate

i. I have audited the attached Financial statements approved vide resolution number 165/23 dated 15-07-2023 and submitted on 04-08-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Chirakkal Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Chirakkal Grama Panchayat for the year 2022-2023

Date: 25/09/2023

Deputy Director
District Office Kannur
Kerala State Audit Department

## Audit Report appended to the Audit Certificate of Chirakkal Grama Panchayat for the Year 2022-2023.

**1.Major Observations**

Nil

**2.Other Observations**

1.The following mandatory financial statements prescribed in accounting rules are not submitted for audit.

a)Basic Ratios b) Notes on account

2.Cash flow statement

Net increase/decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents

3.Demand Registers

Abstract of demand collection and balance recorded in FTE& OS license and profession tax do not include advance collection during the current year and adjustments from advance of previous year.

4.Amount shown in Bank Reconcilation statement of SBI online account (account number37009528358) as Directly debited by bank (Rs.17726) is actually the amount not credited in the bank account.

5.Accounted in wrong head

a)An amount of Rs.5,99,983 given as advance to Uralunkal society for conducting GIS mapping is shown as expenditure in Annual Financial statement instead of showing in B 18 schedule of balance sheet.

b) An amount of Rs 26483 shown under the head of account loan repayment of water supply schemes in I 14(b) schedule of Annual financial statement is actually expenditure on vehicle rent of Assistant Engineer.

6.Asset register not updated. Calculation statements of assets and depreciation were not produced for verification.

7.Amount received for joint venture projects from District and Block Panchayaths were not utilised within the prescribed time limit. An amount of Rs.36,32,233 is remaining unspent.

8.It is informed that the amount shown under the head Other liabilities (Rs.28,06,672) is unspent balance refunded by Kerala water authority. The amount has not been refunded to Consolidated account of State Government.

9.The actual receipt and payment on Paddy Production incentive is Rs.28000. But only Rs.20000 is shown under the head.

<u>അനുബന്ധം-2</u>

<u>ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം</u>

കണ്ണൂർ ജില്ലയിലെ ചിറക്കൽ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-3

## ധനകാര്യ പത്രികകൾ

1.റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്

| | | | |
|---|---|---|---|
| Chirakkal Grama Panchayat<br>RECEIPT & PAYMENT STATEMENT | | | |
| For the period from 01-April-2022 to 31-March-2023 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 42024631.00 |
| Cash | Cash | RP-40(a) | 209376.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 2320838.00 |
| 130000000 | Rental income from Panchayat Properties | RP-3 | 15000.00 |
| 140000000 | Fees & User Charges | RP-4 | 3527522.00 |
| 150000000 | Sale & Hire Charges | RP-5 | 337814.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 22827000.00 |
| 171000000 | Interest Earned | RP-9 | 1482192.00 |
| 190000000 | Prior Period Income | RP-11 | 345948.00 |
| 210000000 | Establishment Expenses | RP-12 | 150.00 |
| 254000000 | Expenditures of Transferred Institutions and State Sponsored Schemes (not included under Decentralised Plan Programme) | RP-19 | 53600.00 |
| 280000000 | Prior Period Item / Transfer to Reserve Funds(ILGMS) | RP-24 | 1067.00 |
| 290000000 | Transfer to Reserve Funds / Prior Period Item(ILGMS) | RP-25 | 2337552.00 |
| 311000000 | Earmarked Funds | RP-28 | 17866.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 16614023.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 18366484.00 |
| 460000000 | Loans, Advances and Deposits | RP-49 | 18000.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 120046.00 |
| 340000000 | Deposits Received | RP-33 | 203033.00 |
| 350000000 | Other Liabilities | RP-35 | 2282460.00 |
| | Grand total | | 11,31,04,602.00 |
| | PAYMENTS | | |
| | Operating | | |
| 220000000 | Administrative Expenses | RP-13 | 1600.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 179623.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 3071261.00 |
| 460000000 | Loans, Advances and Deposits | RP-49 | 461000.00 |
| | Non Operating | | |

| | | | |
|---|---|---|---|
| 340000000 | Deposits Received | RP-33 | 88717.00 |
| 350000000 | Other Liabilities | RP-35 | 44557084.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 64604514.00 |
| Cash | Cash | RP-40(b) | 140803.00 |
| | Grand Total | | 11,31,04,602.00 |

2. ഇൻകം & എക്സ്പെൻറിച്ചർ സ്റ്റേറ്റ്മെന്റ്

| Chirakkal Grama Panchayat<br>INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2022 to 31-March-2023 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 15548124.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 1895304.00 |
| 140000000 | Fee & User Charges | I-4 | 4256822.00 |
| 150000000 | Sale & Hire Charges | I-5 | 347078.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 185776003.00 |
| 170000000 | Income from Investments | I-7 | 1750000.00 |
| 171000000 | Interest Earned | I-8 | 1482192.00 |
| 180000000 | Other Income | I-9 | 262304.00 |
| 190000000 | Prior Period Income | I-19 | 770493.00 |
| | Total Income | | 21,13,17,827 .00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10 | 15833594.00 |
| 220000000 | Administrative Expenses | I-11 | 1893033.00 |
| 230000000 | Operations & Maintenance | I-12 | 4410099.00 |
| 240000000 | Interest & Finance Charges | I-13 | 1387.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 8687403.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 40614961.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 11335762.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 7783000.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 95095000.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 449500.00 |
| 260000000 | Grants, Contributions & Compensation from | I-15 | 0.0 |

| | | | |
|---|---|---|---|
| | Own Fund / Subsidies | | |
| 270000000 | Provisions and Write off | I-16 | 29932.00 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |
| 272000000 | Depreciation | I-17(A) | 21483704.00 |
| | Total Expenditure | | 207617375.00 |
| | Gross Surplus / Deficit of income over Expenditure | | 3700452.00 |
| | Gross Surplus / Deficit of income over Expenditure | | 4160067.00 |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18 | 310878.00 |
| | Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund) | | 459615.00 |

3.ബാലൻസ് ഷീറ്റ്

| Chirakkal GramaPanchayat<br>BALANCE SHEET<br>As on 31-March-2023 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 92796832.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 149119.00 |
| 312000000 | Reserves | B-3 | 63251928.00 |
| | Total Reserve & Surplus | | 156197879.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 27919455.00 |
| | Total Grants, Contributions for Specific Purposes | | 27919455.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 0.0 |
| 331000000 | Unsecured Loans | B-6 | 0.0 |
| | Total Loans | | 0.0 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 1737010.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 4773228.00 |
| 360000000 | Provisions | B-10 | 0.0 |
| | Total Current Liabilities and Provisions | | 65,10,238.00 |
| | TOTAL LIABILITIES | | 190627572.00 |
| ASSETS | | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 1015922.00 |
| 412000000 | Capital Work in Progress | B-11(b) | 0.0 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 5075814.00 |

| | | | |
|---|---|---|---|
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 26535627.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 144635424.00 |
| 416000000 | Accumulated Depreciation | B-11(a) | -83052388.00 |
| | Total Fixed Assets | | 9,42,10,399.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 26770000.00 |
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | Total Investments | | 26770000.00 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 3289314.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 64745317.00 |
| 460000000 | Loans, Advances and Deposits | B-18 | 1612542.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | Total Current Assets, Loans and Advances | | 6,96,47,173.00 |
| | Other Assets | | |
| 470000000 | Other Assets | B-19 | 0.0 |
| | Total Other Assets<br><br>0.0 | | 0.0 |
| | Miscellaneous Expenditure (To the Extent not written off) | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | Total Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 190627572.00 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ